POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം
2

വാർഷിക
വരിസംഖ്യ
300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം
50

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2017 ഡിസംബർ 14/ഹി:ശം:1396 ഫത്ഹ് 14/ഹി:ഖ: 1439 റബീഉൽഅവ്വൽ 25

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 10-11-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണ രൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**പഞ്ചാബിലേയും ഇന്ത്യയിലെതന്നെയും ആളുകൾ എന്നിൽനിന്ന് എത്രകണ്ട് വേർപെട്ടുപോയെന്നാൽ അവർ തങ്ങളുടെ കാലടിക്കീഴിൽ എന്നെ ഞെരിച്ചകൊല്ലാൻ ആഗ്രഹിച്ചിരുന്നു. തീർച്ചയായും അവർ തങ്ങളുടെ ജീവൻ കളഞ്ഞുള്ള കഠിനമായ പരിശ്രമങ്ങളിൽ വിജയിക്കുകയും എന്നെ നശിപ്പിക്കുകയും ചെയ്യുമായിരുന്നു. എനിക്കറിയാം അവരുടെ ഇത്രമാത്രം കോലാഹലങ്ങളും എന്നെ നശിപ്പിക്കാൻവേണ്ടിയുള്ള ഇത്രമാത്രം പരിശ്രമങ്ങളും ഈ ശക്തമായ കൊടുങ്കാറ്റും എനിക്കെതിരിലുണ്ടായത് അല്ലാഹു എന്നെ നശിപ്പിക്കാൻ തീരുമാനിച്ചതുകൊണ്ടല്ല. മറിച്ച്, അല്ലാഹുവിന്റെ അടയാളം വെളിപെടുന്നതിനുവേണ്ടിയായിരുന്നു. സർവശക്തനും ആർക്കും പരാജയപ്പെടുത്താൻ സാധ്യമല്ലാത്തവനുമായ അല്ലാഹു അക്കൂട്ടർക്കെതിരിൽ തന്റെ ശക്തിയും തന്റെ കഴിവും കാണിക്കുകയും തന്റെ ശക്തിപ്രഭാവത്തിന്റെ അടയാളം പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നതിനായിരുന്നു. അവൻ അങ്ങനെതന്നെ ചെയ്തു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 100:** ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥ ത്തിന്റെ 241-ാം പേജിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവചനത്തിലെ വാക്യങ്ങൾ ഇപ്രകാരമാണ്: **ലാ തയ്അസ് മിൻറൗഹില്ലാഹി- അലാ ഇന്ന റൗഹല്ലാഹി ഖരീബുൻ- അലാ ഇന്ന നസ്റല്ലാഹി ഖരീബുൻ- യഅ്തീക്ക മിൻകുല്ലി ഫജ്ജിൻ അമീഖ്- യഅ്തൂന മിൻകുല്ലി ഫജ്ജിൻ അമീഖ്- യൻസ്വുറുക്കല്ലാഹു മിൻ ഇൻദിഹീ- യൻസ്വുറുക്ക രിജാലുൻ നൂഹീ ഇലയ്ഹിം മിന സമാഉ- വലാ തുസ്വഇർ ലി ഖൽഖില്ലാഹിവ ലാ തസ്അംമിനന്നാസി-** (ബറാഹീനെ അഹ്മദിയ്യാ പേജ് 241, അച്ചടി 1881-82, സഫീർ ഹിന്ദ് പ്രസ്, അമൃത്സർ)

'അല്ലാഹുവിന്റെ അനുഗ്രഹത്തെ തൊട്ട് നിരാശനാവാതിരിക്കുക. ഇക്കാര്യം കേട്ടുകൊള്ളുക. അല്ലാഹുവിന്റെ അനുഗ്രഹം അടുത്തിരിക്കുന്നു. ശ്രദ്ധിച്ചുകേൾക്കുക, അല്ലാഹുവിന്റെ സഹായം അടുത്തിരിക്കുന്നു. ആ സഹായം എല്ലാ വഴികളിലൂടേയും നിനക്ക് എത്തുന്നതായിരിക്കും. എല്ലാ വഴികളിലൂടെയും ആളുകൾ നിന്റെയടുക്കൽ വരും. എത്രമാത്രം അധികമായി വരുമെന്നാൽ അവർ നടക്കുന്ന വഴികൾ ഗർത്തങ്ങളായി മാറുന്നതാണ്. അല്ലാഹു തന്റെ പക്കൽനിന്ന് നിന്നെ സഹായിക്കുന്നതായിരിക്കും. ആരുടെ മനസ്സുകളിലാണോ നാം ഇൽഹാം ഇടുന്നത് അവർ നിന്നെ സഹായിക്കുന്നതായിരിക്കും. എന്നാൽ, അല്ലാഹുവിന്റെ ദാസന്മാരിൽ നിന്റെയടുക്കൽ വരുന്നവരോട് മോശമായി പെരുമാറരുത്. അവരുടെ ആധിക്യം കണ്ട് കൂടിക്കാഴ്ചകളിൽ നീ ക്ഷീണിതനാവരുത്.'

ഈ പ്രവചനമുണ്ടായിട്ട് ഇന്നേക്ക് 25 വർഷം കഴിഞ്ഞു. ഇത് ബറാഹീനെ അഹ്മദിയ്യായിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഞാൻ ആരാലും അറിയപ്പെടാതിരുന്ന കാലത്തുണ്ടായ പ്രവചനമാണിത്. ഇന്ന് എന്നോടൊപ്പമുള്ള ആരുംതന്നെ അന്ന് എന്നെ അറിയുമായിരുന്നില്ല. ഏതെങ്കിലും പ്രശസ്തി കാരണത്താൽ ലോകത്ത് അറിയപ്പെടുന്ന വ്യക്തികളിൽപെട്ട ആളായിരുന്നില്ല ഞാൻ. ചുരുക്കിപ്പറഞ്ഞാൽ ഞാൻ ഒരു വസ്തുവുമല്ലായിരുന്നു. ഞാൻ വെറും ഒരു അഹദുൻമ്മിനന്നാസ് ആയിരുന്നു. അതായത് മനുഷ്യരിൽ ഒരുവൻ. ആരാലും അറിയപ്പെടാത്തവൻ. ഒരാളും എന്നോട് ബന്ധംവച്ചിരുന്നില്ല. പക്ഷേ, എന്റെ കുടുംബത്തിൽനിന്ന് ആദ്യമേതന്നെ എന്നെക്കുറിച്ച് അറിയുന്ന കുറച്ചാളുകളുണ്ടാവാം. ഖാദിയാൻ വാസികളിൽ ആർക്കും ഇതിന്നെതിരിൽ സാക്ഷി പറയാൻ സാധ്യമല്ല.

അതിനുശേഷം അല്ലാഹു ഈ പ്രവചനം പൂർത്തീകരിക്കുന്നതിനുവേണ്ടി തന്റെ ദാസരെ എന്നിലേക്ക് മടക്കിവിട്ടു. കൂട്ടംകൂട്ടമായി ആളുകൾ ഖാദിയാനിൽ വന്നു; വന്നുകൊണ്ടിരിക്കുന്നു. പണമായും പലയിനം വസ്തുക്കളായും എല്ലാ ഓരോ തരത്തിലുമുള്ള സമ്മാനങ്ങളും അധികമായനിലയിൽ ജനങ്ങൾ നല്കുകയും നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അത് എണ്ണികണക്കാക്കാൻ സാധ്യമല്ല. മൗലവിമാരിൽനിന്നെല്ലാം തടസങ്ങളുണ്ടായി. എന്റെയടുക്കൽ ആളുകൾ വരാതിരിക്കാൻ അവർ അങ്ങേയറ്റം ശ്രമിച്ചു. മക്കയിൽനിന്നുപോലും ഫത്വ വരുത്തിച്ചു. ഏകദേശം 200 മൗലവിമാർ എനിക്കെതിരെ കുഫ്ർ ഫത്വ നൽകി. എന്നല്ല, നിർബന്ധമായും വധിക്കപ്പെടേണ്ട (വാജിബുൽ ഖത്ൽ) വനാണെന്നുള്ള ഫത്വകളും പുറപ്പെടുവിച്ചു. പക്ഷേ, അവർ തങ്ങളുടെ എല്ലാ പരിശ്രമങ്ങളിലും പരാജയപ്പെട്ടു. പര്യവസാനമെന്തായെന്നാൽ എന്റെ ജമാഅത്ത് പഞ്ചാബിലെ എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും പടർന്നു. ഇന്ത്യയിലും ബീജാവാപം ചെയ്യപ്പെട്ടു. എന്നല്ല യൂറോപ്പിലും അമേരിക്കയിലും ചില ഇംഗ്ലീഷുകാരും ഇസ്ലാം സ്വീകരിച്ചുകൊണ്ട് ഈ ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. എത്രമാത്രം കൂട്ടംകൂട്ടമായി ഖാദിയാനിൽ ആളുകൾ വന്നുവെന്നാൽ കുതിരവണ്ടികളുടെ ആധിക്യംകൊണ്ട് ഖാദിയാനിലെ വഴികൾ പലസ്ഥലങ്ങളിലും പൊട്ടിപ്പൊളിഞ്ഞുപോയി. ഈ പ്രവചനത്തിൽ നല്ലവണ്ണം ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യേണ്ടതാണ്. ഇത് അല്ലാഹുവിൽനിന്നുള്ള പ്രവചനമല്ലായിരുന്നെങ്കിൽ ഈ ഉയർന്ന എതിർപ്പിന്റെ കൊടുങ്കാറ്റിലും പഞ്ചാബിലേയും ഇന്ത്യയിലെതന്നെയും ആളുകൾ എന്നിൽനിന്ന് വേർപെട്ടുപോയി തങ്ങളുടെ കാലടിക്കീഴിൽ എന്നെ ഞെരിച്ചുകൊല്ലാൻ ആഗ്രഹിച്ചതിലും തങ്ങളുടെ ജീവൻകളഞ്ഞുള്ള കഠിനമായ പരിശ്രമങ്ങളിലും അവർ തീർച്ചയായും വിജയിക്കുകയും എന്നെ നശിപ്പിക്കുകയും ചെയ്യുമായിരുന്നു. പക്ഷേ, അതെല്ലാം പരാജയമടഞ്ഞു. എനിക്കറിയാം അവരുടെ ഇത്രമാത്രം കോലാഹലങ്ങളും എന്നെ നശിപ്പിക്കാൻവേണ്ടിയുള്ള ഇത്രമാത്രം പരിശ്രമങ്ങളും ഈ ശക്തമായ കൊടുങ്കാറ്റും എനിക്കെതിരിലുണ്ടായത് അല്ലാഹു എന്നെ നശിപ്പിക്കാൻ തീരുമാനിച്ചതുകൊണ്ടല്ല. മറിച്ച്, അല്ലാഹുവിന്റെ അടയാളം വെളിപെടുന്നതിനുവേണ്ടിയായിരുന്നു. സർവശക്തനും ആർക്കും പരാജയപ്പെടുത്താൻ സാധ്യമല്ലാത്തവനുമായ അല്ലാഹു അക്കൂട്ടർക്കെതിരിൽ തന്റെ ശക്തിയും തന്റെ കഴിവും കാണിക്കുകയും തന്റെ ശക്തിപ്രഭാവത്തിന്റെ അടയാളം പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നതിനായിരുന്നു. അവൻ അങ്ങനെതന്നെ ചെയ്തു. ഞാനൊരു ചെറുബീജംപോലെ വിതക്കപ്പെടുകയും അതിനുശേഷം ആയിരക്കണക്കിന് ആളുകളാൽ ചവുട്ടി മെതിക്കപ്പെടുകയും പൊടിക്കാറ്റ് ആഞ്ഞടിക്കുകയും വൻവെള്ളപൊക്കംപോലെ കലഹത്തിന്റെ കോലാഹലം എന്റെ ഈ ചെറിയ ബീജത്തിനുമേൽ നിറയുകയും ചെയ്തിട്ടും ഈ ആഘാതത്തിൽനിന്ന് രക്ഷപ്പെടുമെന്ന് ആർക്കാണ് അറിയാമായിരുന്നത്? ആരുടെ അറിവിലാണ് ഇക്കാര്യമുണ്ടായിരുന്നത്? അങ്ങനെ ആ ബീജം ദൈവാനുഗ്രഹത്താൽ നഷ്ടപ്പെട്ടില്ല. മറിച്ച്, അത് വളരുകയും പൂക്കുകയും ഇന്ന് വലിയൊരു വൃക്ഷമായിത്തീരുകയും ചെയ്തു. ഇതിന്റെ തണലിൽ മൂന്ന് ലക്ഷം മനുഷ്യർ വിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇത് ദൈവത്തിന്റെ പ്രവൃത്തിയാണ്. ഇത് തിരിച്ചറിയാൻ മാനുഷികശക്തിക്ക് സാധ്യമല്ല. അവൻ ആരാലും പരാജയപ്പെടുകയുമില്ല. അല്ലയോ ജനങ്ങളേ! വല്ലപ്പോഴും അല്ലാഹുവിനെ തൊട്ട് ലജ്ജിക്കുക. ഇതിന്റെ ഉദാഹരണം ഏതെങ്കിലും കള്ളപ്രവാചകന്റെ ചരിത്രത്തിൽ കാണിക്കാൻ കഴിയുമോ? ഈ പ്രവൃത്തി മനുഷ്യന്റേതായിരുന്നുവെങ്കിൽ നിങ്ങൾ എതിർക്കേണ്ട ഒരു കാര്യവുമില്ലായിരുന്നു. എന്നെ നശിപ്പിക്കുന്നതിനുവേണ്ടി ഇത്രമാത്രം ബുദ്ധിമുട്ടും അനുഭവിക്കേണ്ടി വരുമായിരുന്നില്ല. ദൈവംതന്നെ എന്നെ നശിപ്പിക്കാൻ മതിയായവനായിരുന്നു. രാജ്യത്ത് പ്ലേഗ് എന്ന മഹാമാരി പടർന്നുപിടിച്ചപ്പോൾ പലരും പറഞ്ഞിരുന്നത് ഈ വ്യക്തി പ്ലേഗുകൊണ്ട് നശിക്കുമെന്നാണ്. എന്നാൽ, അത്ഭുതകരമായ ശക്തിപ്രഭാവമെന്ന് പറയട്ടെ, ആ പറഞ്ഞവരെല്ലാം പ്ലേഗ് പിടിപെട്ട് മരിച്ചു. അല്ലാഹു എന്നെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു: ഞാൻ നിന്നെ കാത്തുസൂക്ഷിക്കുന്നതാണ്. പ്ലേഗ് നിന്റെയടുത്ത് വരികയില്ല. എന്നല്ല ഞാൻ ജനങ്ങളോട് പറയാൻ അവൻ എന്നോട് ഇങ്ങനേയും പറഞ്ഞു: 'തീ കൊണ്ട് (പ്ലേഗ്) നമ്മെ ഭയപ്പെടുത്തേണ്ട. തീ നമ്മുടെ അടിമയാണ്. എന്നല്ല അടിമകളുടെ അടിമയാണ്.' ഇതുപോലെ അവൻ എന്നോട് പറഞ്ഞു: 'ഞാൻ നിന്റെ ഈ വീടിനെ സംരക്ഷിക്കുന്നതാണ്. ഈ നാലു കെട്ടിനുള്ളിലുള്ള എല്ലാവരേയും പ്ലേഗിൽനിന്ന് രക്ഷപ്പെടുത്തുന്നതാണ്.' അങ്ങനെതന്നെ സംഭവിച്ചു. പ്ലേഗിന്റെ ആക്രമണത്താൽ ഗ്രാമങ്ങൾ നശിച്ചൊടുങ്ങിയത് ഈ പരിസരത്തുള്ള എല്ലാവർക്കും അറിയാം. നമ്മുടെ ചുറ്റും പ്രളയകാലത്തിന്റെ മാതൃകയായിരുന്നു. എന്നാൽ, അല്ലാഹു നമ്മെ സുരക്ഷിതമാക്കിവെച്ചു." (ഹഖീഖത്തുൽ വഹ്യ്, റൂഹാനീഖസായിൻ വാല്യം 20, പേജ് 261)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**അൻസ്വാറുല്ലായിൽനിന്ന് നൂറുശതമാനം ആളുകളും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്.**

**രാജ്യത്തിന്റെ നിയമം ലംഘിക്കുന്ന മനുഷ്യൻ കുറ്റവാളിയാകുന്നതുപോലെ നമസ്കാരം നിർവഹിക്കാത്തവനും മതപരമായ കുറ്റവാളിയാണ്.**

**കേവലം ഇജ്തിമായിൽ പങ്കെടുക്കുക എന്നത് അൻസ്വാറുല്ലാ ആക്കുകയില്ല. അതിനുവേണ്ടി അല്ലാഹുവിന്റെ കല്പനകളും നിർബന്ധകടമകളുമനുസരിച്ച് കർമം ചെയ്യേണ്ടതും അനിവാര്യമാണ്.**

**അൻസ്വാറുല്ലായുടെ ഒരു സുപ്രധാനജോലിയാണ് ഖിലാഫത്തുമായിട്ടുള്ള ബന്ധവും അതിന്റെ സുസ്ഥിരതയ്ക്കുവേണ്ടിയുള്ള പരിശ്രമം നടത്തലും.**

**സത്യവിശ്വാസികളുടെ ജമാഅത്ത് കാലത്തിന്റെ ഖലീഫയെ പൂർണമായും പിൻപറ്റുന്നവരായിത്തീരുമ്പോൾ ജമാഅത്തും കാലത്തിന്റെ ഖലീഫയും ഒരേയൊരു അസ്തിത്വത്തിന്റെ നില പ്രാപിക്കുന്നവരായിത്തീരുന്നു.**

**ജമാഅത്ത് ശരീരത്തിന്റെ അവയവങ്ങളും കാലത്തിന്റെ ഖലീഫ ഹൃദയത്തിന്റേയും ബുദ്ധിയുടേയും പങ്കുവഹിക്കുന്ന ആളുമായിരിക്കും.**

**ഭാരത മജ്ലിസ് അൻസ്വാറുല്ലാഹ് 2017 ഒക്ടോബറിൽ സംഘടിപ്പിച്ച വാർഷിക ഇജ്തിമായിൽ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ പ്രത്യേകസന്ദേശം**

ലണ്ടൻ
MA 21092017

എന്റെ പ്രിയപ്പെട്ട മജ്ലിസ് അൻസ്വാറുല്ലാഹ് അംഗങ്ങളേ!

*അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹ് വ ബറക്കാത്തഹു.*

അൽഹംദുലില്ലാഹ്. നിങ്ങൾക്ക് ഈ വർഷവും നിങ്ങളുടെ വാർഷിക ഇജ്തിമാ സംഘടിപ്പിക്കാൻ ഭാഗ്യം കിട്ടിയിരിക്കുകയാണ്. അല്ലാഹു ഈ ഇജ്തിമാ എല്ലാവിധേനയും അനുഗൃഹീതമാക്കട്ടെ. ഈ അനുഗൃഹീത അവസരത്തിൽനിന്ന് പൂർണമായും ഫലമെടുക്കാൻ എല്ലാ അൻസ്വാറിനും തൗഫീഖ് നല്കുമാറാകട്ടെ.ആമീൻ.

എന്നോട് ഈ അവസരത്തിൽ സന്ദേശമയക്കാൻ അപേക്ഷിച്ചിരിക്കുകയാണ്. ഞാൻ ഈ അവസരത്തിൽ നിങ്ങൾക്ക് അത്യാവശ്യമായ കുറച്ച് ഉപദേശങ്ങൾ നല്കാനാണ് ആഗ്രഹിക്കുന്നത്.

ജമാഅത്തിന്റെ ഉപസംഘടനയായ അൻസാറുല്ലായിൽ 40 വയസ്സ് പ്രായമുള്ള ആളുകളാണ് പ്രവേശിക്കുന്നത്. ഈ പ്രായത്തിൽ ജീവിതത്തിന്റെ അവസാന ലക്ഷണങ്ങൾ പ്രകടമാകാൻ തുടങ്ങുന്നു. പര്യവസാനത്തിന്റെ ചിന്ത ഒരു സത്യവിശ്വാസിയെ നിർബന്ധിതനാക്കുന്നത് അവൻ ഋജുമാനസനായിക്കൊണ്ട് ദൈവത്തിന്റെ തിരുസന്നിധിയിൽ കുനിയാനും അവന്റെ സാമീപ്യം കരസ്ഥമാക്കാനുമാണ്. ഇതിനുള്ള ഏറ്റവും ഉത്തമമായ മാർഗം നമസ്കാരമാണ്.

നമസ്കാരം ആരാധനയുടെ കാമ്പാണെന്ന് ഹദീഥിൽ വന്നിരിക്കുന്നു. അതിൽ പ്രാർഥനകളുണ്ട്. വിനയത്തിന്റേയും എളിമയുടേയും വണക്കത്തിന്റേയും അവസ്ഥകളുണ്ട്. ഈ കാമ്പ് കിട്ടിയവന് മറ്റുള്ള ദൈവസ്മരണകളുടേയും ദുആകളുടേയും ആവശ്യമെന്താണ്? അതുകൊണ്ട് അൻസ്വാർ ആരാധന മുഖേന അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ ഉന്നതമായ നിലവാരം സ്ഥാപിച്ചുകൊണ്ട് യുവാക്കൾക്കും കുട്ടികൾക്കും മാതൃകയാകേണ്ടതാണ്. രാജ്യത്തിന്റെ നിയമം ലംഘിക്കുന്ന മനുഷ്യൻ കുറ്റവാളിയാകുന്നതുപോലെ നമസ്കാരം നിർവഹിക്കാത്തവനും മതപരമായ കുറ്റവാളിയാണ്. പരിശുദ്ധകലിമ മുസ്ലിംകളുടെ നാവുകൊണ്ടുള്ള സമ്മതമാണ്. നമസ്കാരം അതിന്റെ കർമപരമായ ചിത്രമാണ്. മജ്ലിസ് അൻസ്വാറുല്ലാഹ് അല്ലാഹുവിന്റെ എല്ലാ പ്രവൃത്തിയിലും സഹായിക്കുന്നവരുടെ മജ്ലിസാണ്. കർമപരമായ സഹായത്തിന്റെ ആദ്യത്തെ ചുവട് നമസ്കാരമാണ്. വീടുകളിൽ നമസ്കരിക്കുകയാണെങ്കിൽ പുതിയ തലമുറയും അതിന്റെ പ്രാധാന്യം മനസ്സുകളിൽ കുടിയിരുത്തുന്നതാണ്. കേവലം ഇജ്തിമായിൽ പങ്കെടുക്കുക എന്നത് അൻസ്വാറുല്ലാ ആക്കുകയില്ല. അതിനുവേണ്ടി അല്ലാഹുവിന്റെ കല്പനകളും നിർബന്ധകടമകളുമനുസരിച്ച് കർമം ചെയ്യേണ്ടതും അനിവാര്യമാണ്.

അതുകൊണ്ട് നമസ്കാരങ്ങളിലേക്ക് ശ്രദ്ധിക്കേണ്ടത് സുപ്രധാന കാര്യമാണ്. അൻസ്വാറുല്ലായിൽനിന്ന് നൂറുശതമാനം ആളുകളും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. പിന്നീട് നിങ്ങളുടെ ദീനീപരമായ അറിവ് വർധിപ്പിക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിനുള്ള ശീലമുണ്ടാക്കുകയുംവേണം. ഏതൊരു വീടുകളിലാണോ വലിയവർ ദീനീപരമായ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നത് കുട്ടികൾ കാണുന്നത് അവർ ചെറിയ പ്രായത്തിൽത്തന്നെ ഗ്രന്ഥങ്ങൾ വായിക്കുന്നവരാകും. ഈ അറിവ് പിന്നീട് വലുതായി പ്രബോധനരംഗത്ത് പ്രയോജനപ്പെടുന്നു.

ഇപ്രകാരംതന്നെ അൻസ്വാറുല്ലായുടെ ഒരു സുപ്രധാനജോലിയാണ് ഖിലാഫത്തുമായിട്ടുള്ള ബന്ധവും അതിന്റെ സുസ്ഥിരതയ്ക്കുവേണ്ടിയുള്ള പരിശ്രമം നടത്തലും. വിശുദ്ധഖുർആനിൽ ഖിലാഫത്ത് നല്കുമെന്നുള്ള വാഗ്ദാനം ചെയ്തിട്ടുള്ളത് വിശ്വസിക്കുന്നവരോടും സൽകർമം ചെയ്യുന്നവരോടുമാണ്. സത്യവിശ്വാസികളുടെ ജമാഅത്ത് കാലത്തിന്റെ ഖലീഫയെ പൂർണമായും പിൻപറ്റുന്നവരായിത്തീരുമ്പോൾ ജമാഅത്തും കാലത്തിന്റെ ഖലീഫയും ഒരേയൊരു അസ്തിത്വത്തിന്റെ നില പ്രാപിക്കുന്നവരായിത്തീരുന്നു. ജമാഅത്ത് ശരീരത്തിന്റെ അവയവങ്ങളും കാലത്തിന്റെ ഖലീഫ ഹൃദയത്തിന്റേയും ബുദ്ധിയുടേയും ജോലികൾ ചെയ്യുന്ന ആളുമായിരിക്കും. ഈ ചിന്താഗതിയുണ്ടാകുമ്പോൾ ഏതെങ്കിലും ജമാഅത്ത് അംഗത്തിന് തന്റെ തീരുമാനങ്ങളിൽ ജ്ഞാനപരമായ പോയിന്റുകളിലും കർമങ്ങളിലും ഇടപെടേണ്ട പ്രശ്നംതന്നെ ഉദിക്കുന്നില്ല.

എല്ലാ അവയവങ്ങളും സുരക്ഷിതമായിരിക്കുക എന്നത് ശരീരത്തിന്റെ നിലനില്പിന് അനിവാര്യമാണെന്നതും ഓർമവയ്ക്കേണ്ടതാണ്. നിങ്ങളും യഥാർഥമായ വർണത്തിൽ അൻസാറുല്ലാഹ് എന്ന് പറയപ്പെടുന്നത് നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമാറ്റമുണ്ടാക്കുമ്പോഴായിരിക്കും. ധനത്യാഗങ്ങളും പ്രബോധനപരമായ പ്രവർത്തനങ്ങളും ആരാധനകളുടെ ഉന്നതനിലവാരവും കരസ്ഥമാക്കുന്നവരായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “ഞാൻ ആവർത്തിച്ചാവർത്തിച്ചും പലപ്പോഴും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്, ബാഹ്യമായ നാമത്തിൽ നമ്മുടെ ജമാഅത്തും മറ്റു മുസ്ലിംകളും ഇരുവരും പങ്കാളികളാണ്; നിങ്ങളും മുസ്ലിംകളാണ് അവരും മുസ്ലിംകളെന്ന്. നിങ്ങൾ കലിമ ചൊല്ലുന്നവരാണ്. അവരും കലിമ ചൊല്ലുന്നവരാണ്. നിങ്ങൾ ഖുർആനിനെ പിൻപറ്റുന്നവരെന്ന് വാദിക്കുന്നു. അവരും ഖുർആനിനെ പിൻപറ്റുന്നവരെന്ന് വാദിക്കുന്നവരാണ്. ചുരുക്കിപ്പറഞ്ഞാൽ വാദങ്ങളിൽ നിങ്ങളും അവരും ഇരുകൂട്ടരും തുല്യരാണ്.

എന്നാൽ, വാദത്തിനുള്ള തെളിവിന് കുറച്ച് കർമപരമായ തെളിവും പരിവർത്തനത്തിന്റെ തെളിവും ഇല്ലാത്തിടത്തോളം, എന്തെങ്കിലും യാഥാർഥ്യം ഒപ്പമില്ലാത്തിടത്തോളം അല്ലാഹു കേവലം വാദങ്ങൾകൊണ്ട് സന്തോഷിക്കുകയില്ല.”(മൽഫൂദാത്ത് വാല്യം 5, പേജ് 604)

അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമാറ്റമുണ്ടാക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളനുസരിച്ച് ജീവിക്കുന്നതിനും സൗഭാഗ്യം തന്നരുളുമാറാകട്ടെ. ആമീൻ.

വസ്സലാം,
വിനീതൻ,

ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്.




**“അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു.” (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**എപ്രകാരവും ഏതു നിലവാരത്തിലുള്ളതുമായ നീതിയും ന്യായവും സ്ഥാപിക്കാനാണോ മുസ്‌ലീംകളോടു അല്ലാഹു നിർദേശിച്ചിട്ടുള്ളത് അതേ നിലവാരം മറ്റൊരു മതഗ്രന്ഥത്തിലും നിലവിലില്ല. പക്ഷേ, ദൗർഭാഗ്യവശാൽ ഇക്കാലത്ത് മുസ്‌ലീംകളിലെ നേതാക്കന്മാരും ഉലമായും അടങ്ങുന്ന വലിയൊരു വിഭാഗം എല്ലാ മേഖലയിലും നീതിയുടേയും ന്യായത്തിന്റേയും തേട്ടം പൂർത്തിയാക്കാത്തവരായുണ്ട്. ഇപ്രകാരംതന്നെ വീടുകളിൽ, പൊതുജനങ്ങളിൽ, പൊതുമുസ്‌ലീംകളിൽ, പൊതുകാര്യങ്ങളിൽ, നീതിയുടേയും ന്യായത്തിന്റേയും അല്ലാഹു സ്ഥാപിച്ചിട്ടുള്ളതും ഒരു മുഅ്മിനിൽനിന്ന് പ്രതീക്ഷിക്കുന്നതുമായ നിലവാരം പൊതുവെ കാണാൻ കഴിയുന്നില്ല. കുടുംബവഴക്കുകളുടെ കാര്യങ്ങളുണ്ട്. സ്ത്രീകളിൽ നിന്നും പുരുഷന്മാരിൽനിന്നും ചില സന്ദർഭങ്ങളിൽ തെറ്റായ സംഭവങ്ങളുണ്ടാകുകയും കോടതികളിൽ കേസു കൊടുക്കുകയും ചെയ്യുന്നു. കള്ളസാക്ഷികളെ ഹാജരാക്കുന്നു. അർഹമല്ലാത്ത അവകാശങ്ങൾ പിടിച്ചെടുക്കുന്നതിനോ ആരുടെയെങ്കിലും അവകാശം അപഹരിക്കുന്നതിനോ കളവോടും വഞ്ചനയോടുംകൂടി പ്രവർത്തിക്കുന്ന വലിയൊരുവിഭാഗമാളുകളുമുണ്ട്.**

**ഇന്ന് സമൂഹത്തിൽ ഒട്ടുമിക്ക പ്രശ്നങ്ങളുമുണ്ടാകുന്നത് നീതിയുടേയും ന്യായത്തിന്റേയും നിലവാരം അല്ലാഹു ആഗ്രഹിക്കുന്ന നിലവാരത്തിൽ അല്ലാത്തതാണ്. സ്വന്തം കാര്യങ്ങൾ വളച്ചൊടിച്ചു പറഞ്ഞ് അവതരിപ്പിക്കുന്നത് സാധാരണമായിരിക്കുന്നു. ചില ഘട്ടങ്ങളിൽ നമ്മളിൽനിന്നുള്ള ചിലരും ഭൗതികതയുടേയും ചുറ്റുപാടിന്റേയും സ്വാധീനത്തിനു വഴങ്ങി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തിട്ടും ഇത്തരം കാര്യങ്ങൾ പ്രവർത്തിക്കുകയും യാഥാർഥ്യത്തിനു നിരക്കാത്ത സാക്ഷ്യം പറയുകയും ചെയ്യുന്നുവെന്നതാണ് വിഷമമുണ്ടാക്കുന്ന കാര്യം.**

**ചില സ്ഥലങ്ങളിൽ മതപരമായ അഭിപ്രായ ഭിന്നതകളുണ്ടാകുന്നു. ഇക്കാരണത്താൽ മറ്റുള്ള മതക്കാർ അക്രമവും ചെയ്യാറുണ്ട്. അത്തരം അവസ്ഥകളിൽ ഒരു മുഅ്മിന്റെ ജോലി ജനതകളുടേയും മറ്റു മതക്കാരുടേയും അക്രമത്തിനുപകരം അക്രമം ചെയ്യുക എന്നതും നീതിയുടെ തേട്ടം പൂർത്തിയാക്കാതിരിക്കുകയും ചെയ്യുക എന്നതുമല്ല.**

**ഇക്കാലത്ത് മുസ്‌ലീംകളുടെ അനീതികളെക്കുറിച്ച് പാശ്ചാത്യൻ ദേശത്ത് ധാരാളം പറയുന്നുണ്ട്. തങ്ങളുടെ സ്വന്തം മതക്കാരോടു നീതി കാണിക്കാത്തവർ അന്യമതക്കാരോടു എന്തു നീതി കാണിക്കാനാണെന്ന് ചോദിക്കുന്നു. ഇതു വളരെ വലിയ ദുരന്തമാണ്. മുസ്‌ലീംകൾതന്നെ അവരുടെ പ്രവർത്തനങ്ങൾകൊണ്ട് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നു.**

**നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ചെയ്ത ബയ്അത്തുപ്രതിജ്ഞ പൂർത്തിയാക്കണമെങ്കിൽ, അവിടത്തെ മിഷനെ പൂർണമാക്കണമെങ്കിൽ, ഇസ്‌ലാമിന്റെ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കണമെങ്കിൽ, പ്രബോധനത്തിനോടുള്ള കടമ നിറവേറ്റണമെങ്കിൽ, നബി(സ)തിരുമേനി നിർദേശിച്ച ഇസ്‌ലാമികാധ്യാപനം അനുസരിച്ച് എല്ലാ ഉൽകൃഷ്ടമായ സ്വഭാവങ്ങളും സ്വായത്തമാക്കേണ്ടിവരും. അതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ ചെയ്യാൻ നമ്മളോടു പറഞ്ഞു: നമ്മുടെ സാക്ഷ്യങ്ങൾ സത്യവും നീതിയുമനുസരിച്ച് അല്ലെങ്കിൽ നമ്മുടെ കുടുംബപരവും സാമൂഹികപരവുമായ ബന്ധങ്ങൾ നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ചല്ലെങ്കിൽ നമ്മുടെ മനസ്സ് ശത്രുക്കൾക്കുവേണ്ടിയും വെറുപ്പിൽനിന്നും വിദ്വേഷത്തിൽ നിന്നും പരിശുദ്ധമല്ലെങ്കിൽ നമ്മുടെ പ്രബോധനം യഥാർഥ സന്മാർഗം എത്തിക്കുന്ന പ്രബോധനമായിരിക്കുകയില്ല.**

**നമ്മൾ അല്ലാഹുവിന്റെ കല്പനകളിലൂടെ നടന്ന് നമ്മുടെ ജീവിതത്തെ വാർത്തെടുക്കാൻ അവൻ അനുഗ്രഹിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. നമ്മൾ മറ്റുള്ളവർക്ക് സന്മാർഗത്തിന്റേയും നീതിയുടേയും മാതൃകയാവട്ടെ.**

**റബ്‌വയിലെ നാഇബ് വക്കീലുത്തബ്ശീറായിരുന്ന കനഡയിലെ ഹസൻ മുഹമ്മദ് ഖാൻ ആരിഫ് സാഹിബിന്റെ വഫാത്ത്, അനസ്മരണം, ജനാസ ഗാഇബ്**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2017 നവംബർ 10/1396 നുബുവ്വത്ത് 10**
**ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

يٰۤاَيُّهَا الَّذِيْنَ اٰمَنُوْا كُوْنُوْا قَوّٰمِيْنَ بِالْقِسْطِ شُهَدَآءَ لِلّٰهِ وَلَوْ عَلٰۤى اَنْفُسِكُمْ اَوِ الْوَالِدَيْنِ وَالْاَقْرَبِيْنَ ۚ اِنْ يَّكُنْ غَنِيًّا اَوْ فَقِيْرًا فَاللّٰهُ اَوْلٰى بِهِمَا ۖ فَلَا تَتَّبِعُوا الْهَوٰۤى اَنْ تَعْدِلُوْا ۚ وَاِنْ تَلْوٗۤا اَوْ تُعْرِضُوْا فَاِنَّ اللّٰهَ كَانَ بِمَا تَعْمَلُوْنَ خَبِيْرًا (النساء:136)

يٰۤاَيُّهَا الَّذِيْنَ اٰمَنُوْا كُوْنُوْا قَوّٰمِيْنَ لِلّٰهِ شُهَدَآءَ بِالْقِسْطِ ۫ وَلَا يَجْرِمَنَّكُمْ شَنَاٰنُ قَوْمٍ عَلٰۤى اَلَّا تَعْدِلُوْا ؕ اِعْدِلُوْا ۟ هُوَ اَقْرَبُ لِلتَّقْوٰى ۫ وَاتَّقُوا اللّٰهَ ؕ اِنَّ اللّٰهَ خَبِيْرٌۢ بِمَا تَعْمَلُوْنَ (المائدة:9)

وَمِمَّنْ خَلَقْنَاۤ اُمَّةٌ يَّهْدُوْنَ بِالْحَقِّ وَبِهٖ يَعْدِلُوْنَ (الاعراف:182)

എപ്രകാരവും ഏതു നിലവാരത്തിലുള്ളതുമായ നീതിയും ന്യായവും സ്ഥാപിക്കാനാണോ മുസ്‌ലീംകളോടു അല്ലാഹു നിർദേശിച്ചിട്ടുള്ളത് അതേ നിലവാരം മറ്റൊരു മതഗ്രന്ഥത്തിലും നിലവിലില്ല. പക്ഷേ, ദൗർഭാഗ്യവശാൽ ഇക്കാലത്ത് മുസ്‌ലീംകളിലെ നേതാക്കന്മാരും ഉലമായും അടങ്ങുന്ന വലിയൊരു വിഭാഗം എല്ലാ മേഖലയിലും നീതിയുടേയും ന്യായത്തിന്റേയും തേട്ടം പൂർത്തിയാക്കാത്തവരായുണ്ട്. ഇപ്രകാരംതന്നെ വീടുകളിൽ, പൊതുജനങ്ങളിൽ, പൊതുമുസ്‌ലീംകളിൽ, പൊതുകാര്യങ്ങളിൽ, നീതിയുടേയും ന്യായത്തിന്റേയും അല്ലാഹു സ്ഥാപിച്ചിട്ടുള്ളതും ഒരു മുഅ്മിനിൽനിന്ന് പ്രതീക്ഷിക്കുന്നതുമായ നിലവാരം പൊതുവെ കാണാൻ കഴിയുന്നില്ല. കുടുംബവഴക്കുകളുടെ കാര്യങ്ങളുണ്ട്. സ്ത്രീകളിൽനിന്നും പുരുഷന്മാരിൽനിന്നും ചില സന്ദർഭങ്ങളിൽ തെറ്റായ സംഭവങ്ങളുണ്ടാകുകയും കോടതികളിൽ കേസു കൊടുക്കുകയും ചെയ്യുന്നു. കള്ളസാക്ഷികളെ ഹാജരാക്കുന്നു. അർഹമല്ലാത്ത അവകാശങ്ങൾ പിടിച്ചെടുക്കുന്നതിനോ ആരുടെയെങ്കിലും അവകാശം അപഹരിക്കുന്നതിനോ കളവോടും വഞ്ചനയോടുംകൂടി പ്രവർത്തിക്കുന്ന വലിയൊരുവിഭാഗമാളുകളുമുണ്ട്. തങ്ങളുടെ അവകാശം വാങ്ങുന്നതിന് അല്ലെങ്കിൽ തന്റെ അവകാശമാണെന്ന് മനസ്സിലാക്കിക്കൊണ്ട് മറ്റുള്ളവന്റെ അവകാശം അപഹരിച്ചെടുക്കുന്നതിന് സത്യസന്ധതയോടുകൂടി പ്രവർത്തിക്കുന്നില്ല. കളവ് പറയുന്നു; കോടതികളേയും വഞ്ചിക്കുന്നു. ചിലയിടത്ത് ന്യായാധിപന്മാർ തങ്ങളുടെ സ്വന്തം നേട്ടങ്ങൾക്കുവേണ്ടി വിധി പറയുന്നു; വ്യവസ്ഥിതിതന്നെ തകർന്നതുപോലെ! ഈ അനീതികൾ കാരണത്താൽ സമൂഹത്തിൽ തിന്മകൾ വ്യാപിച്ചുകൊണ്ടുപോകുന്നു.

പിന്നെ ദേശീയ തലത്തിലും ഭരണാധികാരികൾ നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കു

ന്നില്ല. അവരുടെ പ്രജകൾക്കുവേണ്ടിയും നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കപ്പെടുന്നില്ല. രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കപ്പെടുന്നില്ല.

ഉലമായാണെങ്കിൽ മതത്തെ തങ്ങളുടെ വ്യക്തിപരമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനുള്ള മാർഗമാക്കിയിരിക്കുകയാണ്. തങ്ങൾ ഉത്തമ സമുദായമാണെന്നാണ് മുസ്ലീംകളുടെ വാദം. ലോകപ്രശ്നങ്ങൾക്കുള്ള ഉത്തമമായ പരിഹാരം സമർപിക്കുന്നത് ഇസ്‌ലാം മാത്രമാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുകയും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവൃത്തി ചെയ്യുകയുമാണെങ്കിൽ മുസ്ലീംകൾ ഉത്തമ സമുദായംതന്നെയാണ്. ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ച് സത്യവും നീതിയും സ്ഥാപിക്കുകയാണെങ്കിൽ തീർച്ചയായും ഇസ്‌ലാമാണ് എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം സമർപിക്കുന്നത്.

ഞാനോതിയ ഖുർആനിക വചനങ്ങൾ മൂന്നു വിവിധ അധ്യായങ്ങളിലുള്ളതാണ്; അന്നിസാഅ്, അൽമാഇദ, അൽഅഅ്റാഫ്. അന്നിസാഇലെ ആയത്തിന്റെ അർഥം ഇപ്രകാരമാണ്: "വിശ്വസിച്ചവരേ! നിങ്ങൾ പരിപൂർണമായി നീതിപാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ; അത് നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും. അയാൾ(ആ കക്ഷി) ധനികനോ ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടുപേരോടും (അനുകമ്പ കാണിക്കാൻ നിങ്ങളെക്കാൾ)കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേച്ഛയെ പിൻപറ്റരുത്; നിങ്ങൾ നീതിപാലിക്കുന്നതിനുവേണ്ടിയാണിത്. നിങ്ങൾ(സത്യം)മറച്ചുവെക്കുകയോ(അതു വെളിപ്പെടുത്താതെ)പിന്മാറുകയോ ചെയ്യുന്നതായാൽ(ഓർക്കുക)അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവനാണ്."(4:136)

നീതിയുടെ നിലവാരം സ്ഥാപിക്കുന്നതിനുള്ള കല്പനയാണിത്. വ്യക്തിപരമായ കുടുംബകാര്യങ്ങളിലും സാമൂഹിക കാര്യങ്ങളിലും ഏതു അവസ്ഥകളുണ്ടായാലും നീതിയിലും ന്യായത്തിലും എപ്പോഴും നിലകൊള്ളേണ്ടതാണ്. മുഅ്മിനീംകൾക്കുള്ള കല്പന അവരുടെ സാക്ഷ്യം, അല്ലാഹുവിനുവേണ്ടിയും അല്ലാഹുവിന്റെ കല്പന അനുസരിച്ചുമായിരിക്കേണ്ടതാണ് എന്നാകുന്നു. അത് സാധ്യമാകുന്നത് അല്ലാഹുവിൽ തികഞ്ഞ വിശ്വാസമുണ്ടാകുമ്പോഴും വിശ്വാസത്തിന്റെ നിലവാരം അങ്ങേയറ്റം ഉയർന്നതാകുമ്പോഴും ശക്തമാകുമ്പോഴുമാണ്. മനുഷ്യൻ തനിക്കെതിരിൽ സാക്ഷിപറയേണ്ട ഘട്ടം വരുമ്പോഴും ഭാര്യാമക്കൾക്കെതിരിൽ സാക്ഷിപറയേണ്ട ഘട്ടം വരുമ്പോഴും ആവശ്യമെങ്കിൽ സ്വന്തം മാതാപിതാക്കൾക്കെതിരിൽ സാക്ഷിപറയേണ്ട ഘട്ടം വരുമ്പോഴും ബന്ധുമിത്രാദികൾക്കെതിരെ സാക്ഷിപറയേണ്ട ഘട്ടം വരുമ്പോഴും അതിനു തയ്യാറാകുമ്പോഴാണ് ഈമാനിന്റെ ശക്തി അറിയാൻ കഴിയുന്നത്. ശരീരേച്ഛകളെ പിൻപറ്റൽ നീതിയിൽനിന്ന് അകറ്റിക്കളയുന്നതാണ്. സ്വന്തം ശരീരേച്ഛകളെ പിൻപറ്റാൻ തുടങ്ങിയാൽ നീതിന്യായങ്ങളിൽനിന്ന് ദൂരത്തായിപ്പോകും.

ഇന്ന് സമൂഹത്തിൽ ഒട്ടുമിക്ക പ്രശ്നങ്ങളുമുണ്ടാകുന്നത് നീതിയുടേയും ന്യായത്തിന്റേയും നിലവാരം അല്ലാഹു ആഗ്രഹിക്കുന്ന നിലവാരത്തിൽ അല്ലാത്തതാണ്. സ്വന്തം കാര്യങ്ങൾ വളച്ചൊടിച്ചു പറഞ്ഞ് അവതരിപ്പിക്കുന്നത് സാധാരണമായിരിക്കുന്നു. ചില ഘട്ടങ്ങളിൽ നമ്മളിൽനിന്നുള്ള ചിലരും ഭൗതികതയുടേയും ചുറ്റുപാടിന്റേയും സ്വാധീനത്തിനുവഴങ്ങി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തിട്ടും ഇത്തരം കാര്യങ്ങൾ പ്രവർത്തിക്കുകയും യാഥാർഥ്യത്തിനു നിരക്കാത്ത സാക്ഷ്യം പറയുകയും ചെയ്യുന്നുവെന്നതാണ് വിഷമമുണ്ടാക്കുന്ന കാര്യം. വ്യക്തിപരമാണെങ്കിലും തങ്ങളുടെ മാതാപിതാക്കൾക്ക് നഷ്ടമുണ്ടാക്കുന്നതാണെങ്കിലും വളച്ചൊടിച്ചതും സത്യമായ സാക്ഷ്യം പറയുന്നതിൽനിന്ന് രക്ഷപ്പെടുന്നതിന് സത്യത്തെ മറച്ചുവെക്കുന്നതുമായ കാര്യം ഒരിക്കലും പറയരുതെന്നാണ് അല്ലാഹു പറയുന്നത്. ഇക്കാര്യങ്ങൾ നമ്മൾ നിത്യജീവിതത്തിലെ പ്രശ്നങ്ങളിൽ കണ്ടുവരുന്നു. ഉദാഹരണത്തിന് ഭാര്യാഭർത്താക്കന്മാരുടെ കാര്യങ്ങൾ. 'ഖളാ'യിൽ ധാരാളം അത്തരം കാര്യങ്ങൾ വരാറുണ്ട്. അവിടെ സത്യത്തോടുകൂടി പ്രവർത്തിക്കുന്നില്ല. കൊടുക്കൽവാങ്ങൽ കാര്യങ്ങളുണ്ട്. അവിടേയും സത്യം മറച്ചുവെക്കുന്നതായി നമ്മൾ കാണുന്നു. മതപരമായ അറിവുള്ളവരും ബാഹ്യത്തിൽനോക്കുമ്പോൾ സേവനത്തിൽ മുൻപന്തിയിൽ നിൽക്കുന്നവരായ ചിലർപോലും അത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ പ്രത്യക്ഷത്തിൽ വലിയ ആലിമായിട്ടുള്ള ഇത്തരമാളുകളും ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുമോ എന്നു കണ്ട് മനുഷ്യൻ വിഷമിച്ചുപോകുന്നു.

ഏതൊരു ഇമാമിനെയാണോ നമ്മൾ വിശ്വസിച്ചിട്ടുള്ളത് ആ മഹാത്മാവ് ഖുർആനിക കല്പനകളിലൂടെ നടന്ന് അന്യരേയും അത്ഭുതപ്പെടുത്തുകയും വിസ്മയപ്പെടുത്തുകയും ചെയ്യുന്ന ഉദാഹരണങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്. സ്വന്തം എതിരാണെങ്കിലും സ്വന്തം മാതാപിതാക്കൾക്കെതിരാണെങ്കിലും സ്വന്തം രക്തബന്ധുക്കൾക്കെതിരാണെങ്കിലും സത്യത്തെ മറച്ചുവെക്കരുതെന്നാണ് അല്ലാഹു പറയുന്നത്. സത്യമെന്തായാലും വെളിപ്പെടുത്തണം. ഇക്കൂട്ടർ വെറും സുഹൃത്ബന്ധങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയോ തങ്ങളുടെ സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടിയോ സത്യം മറച്ചുവെക്കുന്നു. വക്രതയോടുകൂടി സംസാരിക്കുന്നു. അല്ലെങ്കിൽ സത്യമായകാര്യം പറയുന്നതിൽനിന്ന് പിന്മാറുന്നു. യാഥാർഥ്യം വെളിവാകുകയാണെങ്കിൽ തങ്ങൾ പറഞ്ഞകാര്യം സമർഥിക്കുന്നതിനുവേണ്ടി അവർ നല്ലവണ്ണം തയ്യാറെടുപ്പും നടത്തിയിട്ടുണ്ടാകും; എങ്ങനെ അതിൽനിന്ന് രക്ഷപ്പെടണം, എന്തു തെളിവ് നല്കണമെന്ന്!

പക്ഷേ, നിങ്ങളെന്തൊന്ന് ചെയ്യുന്നുവോ അത് അല്ലാഹു നല്ലവണ്ണം അറിയുന്നവനാണെന്ന് എപ്പോഴും ഓർമവെക്കേണ്ടതാണ്. അല്ലാഹുവിനെ വഞ്ചിക്കാൻ സാധിക്കുകയില്ല. അല്ലാഹു പറയുന്നത്, ഇഹലോകനേട്ടങ്ങൾ നിങ്ങൾക്ക് കരസ്ഥമാക്കാൻ കഴിഞ്ഞാലും അല്ലാഹുവിന്റെ പിടിത്തത്തിൽനിന്ന് നിങ്ങൾ ഇവിടെ രക്ഷപ്പെട്ടാലും അടുത്ത ലോകത്ത് പിടിക്കപ്പെടുമെന്നാണ്. നമ്മുടെ കർമങ്ങളെ കുറിച്ച് അറിയുന്നവനായ അല്ലാഹു ആ എല്ലാ കർമപുസ്തകങ്ങളും നമ്മുടെ മുമ്പിൽ വെക്കുന്നതാണ്. അതിലെല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടാകും.

ഏതൊരു ഇമാമിനെയാണോ നമ്മൾ വിശ്വസിച്ചിട്ടുള്ളത് അദ്ദേഹം ഈ ഖുർആനിക കല്പനയിലൂടെ നടന്നുകൊണ്ട് സ്ഥാപിച്ചിട്ടുള്ള മാതൃകകൾ അന്യരെപോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദം പുറപ്പെടുവിക്കുന്നതിനു വളരെ മുമ്പേയുള്ള യുവത്വകാലത്തെ ഒരു സംഭവം നിവേദനങ്ങളിൽ വരുന്നുണ്ട്. ഒരിക്കൽ തന്റെ പിതാവിന്റെ കർഷകർക്കെതിരിൽ ഒരു കേസിൽ അവിടന്ന് ഹാജരായി. നീതിന്യായത്തിന്റെ തേട്ടം നിറവേറ്റിക്കൊണ്ട് സത്യം പറഞ്ഞു. അതിന്റെ നേട്ടമുണ്ടായത് കർഷകർക്കാണ്; ആ മഹാത്മാവിന്റെ പിതാവിന് നഷ്ടവും. താൻ പറയുന്നതുപോലെ സാക്ഷ്യം പറഞ്ഞില്ലെങ്കിൽ നഷ്ടം സഹിക്കേണ്ടിവരുമെന്ന് അദ്ദേഹത്തിന്റെ വക്കീൽ ആദ്യമെതന്നെ അദ്ദേഹത്തോടു പറഞ്ഞിരുന്നതാണ്. എന്തുണ്ടായാലും വേണ്ടില്ല, സത്യമെന്താണോ അതായിരിക്കും താൻ പറയുക എന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ വക്കീലിനു നല്കിയ മറുപടി. എന്തായാലും ജഡ്ജി കർഷകർക്ക് അനുകൂലമായി വിധിപുറപ്പെടുവിച്ചു. ദൃക്സാക്ഷികൾ പറയുന്നത്, കേസ് തോറ്റതിനുശേഷം, അദ്ദേഹത്തിന്നെതിരിൽ വിധി വരികയും അവിടന്ന് കോടതിയിൽനിന്ന് മടങ്ങുകയും ചെയ്തപ്പോൾ, ഈ കേസിന്റെ വിധിയെ കുറിച്ച അറിയാത്തവർ മനസ്സിലാക്കിയത് ഹദ്റത്ത് മസീഹ് മൗഊദ്(അ) കേസ്സിൽ വിജയിച്ചുവെന്നാണ്. കാരണം അത്രമാത്രം സന്തോഷത്തോടുകൂടിയാണ് അവിടന്ന് കോടതിയിൽനിന്ന് പുറത്തിറങ്ങിയത്." (താരീഖെ അഹ്മദിയ്യത്ത് വാള്യം 1 പേജ് 72–73, ആയിനയെ കമാലാത്തെ ഇസ്‌ലാം റൂഹാനീ ഖസായിൻ വാള്യം 5 പേജ് 298)

ഇപ്രകാരംതന്നെ മറ്റു ഉദാഹരണങ്ങളുമുണ്ട്. ഈ രാജ്യങ്ങളിൽ, പാശ്ചാത്യൻ രാജ്യങ്ങളിൽ തങ്ങളുടെ വരുമാനം കുറച്ചു പറഞ്ഞ് ടാക്സിൽനിന്ന് തങ്ങളെ രക്ഷിക്കുന്ന ധാരാളം പേരുണ്ട്. അല്ലെങ്കിൽ സർക്കാറിൽനിന്ന് ചില പ്രത്യേക ആനുകൂല്യം കരസ്ഥമാക്കാൻ ശ്രമിക്കുന്നു. പക്ഷേ, ഇപ്പോൾ ലോകത്തിന്റെ സാമ്പത്തികാവസ്ഥ മോശമായ കാരണത്താൽ ഈ വികസിതരാഷ്ട്രങ്ങളിലും വളരെ കണിശമായി പരിശോധന നടത്താൻ തുടങ്ങിയിരിക്കുന്നു. അവർക്ക് സംശയമുണ്ടാകുന്ന സ്ഥലങ്ങളിലെല്ലാം റൈഡ് നടത്തുന്നു. അതുകൊണ്ട് അഹ്മദികൾ തങ്ങൾക്കും ജമാഅത്തിനുമുണ്ടാകുന്ന ദുഷ്പേരിൽനിന്ന് രക്ഷപ്പെടുന്നതിനും എല്ലാത്തിനെക്കാളുമുപരി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ഭൗതികനഷ്ടം സഹിക്കേണ്ടതാണ്. യാഥാർഥ്യങ്ങൾ മറ

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
മുഹമ്മദ് സ്വഫ്വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

ച്ചുവെക്കാതിരിക്കേണ്ടതാണ്. എപ്പോഴും സത്യം മാത്രം പറയേണ്ടതാണ്. നിയ്യത്ത് ശുദ്ധമാണെങ്കിൽ, അല്ലാഹുവിനുവേണ്ടി സാക്ഷികളായിക്കൊണ്ട് നീതിയെ ശക്തിയായി പിടിക്കുകയാണെങ്കിൽ, നിങ്ങളുടെ സാക്ഷ്യങ്ങളുടെ നിലവാരത്തെ ചൊവ്വായ വാക്കിൽ സ്ഥാപിക്കുകയാണെങ്കിൽ പരിപാലകനും ഉപജീനം നല്കുന്നവനുമായ അല്ലാഹു അവൻതന്നെ സാധനസാമഗ്രികൾ ലഭ്യമാക്കുന്നതാണ്. ഉപജീവനത്തിൽ അവൻതന്നെ അനുഗ്രഹം ഇടുന്നതാണ്. അതുകൊണ്ട് നമ്മൾ ഏതുനേരവും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. നീതിയുടെ അത്തരം നിലവാരം സ്ഥാപിക്കാൻ നമ്മൾ ശ്രമിച്ചില്ലെങ്കിൽ വീട്ടിലെ സമാധാനവും ശാന്തിയും നിലനിൽക്കുകയില്ല, നമ്മൾ പാർക്കുന്ന പ്രദേശത്തിന്റേയും സമൂഹത്തിന്റേയും സമാധാനവും ശാന്തിയും നിലനില്ക്കുകയില്ല. ഇതനുസരിച്ച് പ്രവർത്തിക്കാത്ത കാരണത്താൽ ജമാഅത്തംഗങ്ങളുടെ പരസ്പരമുള്ള ബന്ധങ്ങളിലും അകൽച്ചയുണ്ടാകുന്നതാണ്.

അത്ഭുതം തോന്നുന്നു. ചിലയാളുകളിൽനിന്നുണ്ടാകുന്ന വ്യാജമായ വിവരണവും അനീതിയും എത്രമാത്രമാണെന്നാൽ ചില പെൺകുട്ടികളുടെ മാതാപിതാക്കൾ, തങ്ങളുടെ മകളുടെ വിവാഹബന്ധം വേർപെടുത്തിയതിനുശേഷം രണ്ടാമത്തെ വിവാഹാലോചന വരുമ്പോൾ ആദ്യത്തെ ഭർത്താവിന്റെ വീട്ടുകാർ അവിടങ്ങളിലെത്തി കളവു പറയുകയും മകൾക്കു ദുഷ്പേരുണ്ടാക്കുകയും ചെയ്യുന്നുവെന്ന് എന്നോടു പരാതിപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ചില ആൺകുട്ടികളും എന്റെയടുത്ത് വന്നു. അവർക്ക് ദുഷ്പേരുണ്ടാക്കുന്നത് ചില പെൺകുട്ടികളുടെ മാതാപിതാക്കളാണ്. അവർക്കെതിരിൽ സാക്ഷി പറഞ്ഞ് അവരുടെ ബന്ധങ്ങൾ തകർത്തുകൊണ്ടിരിക്കുന്നു. അല്ലെങ്കിൽ ആ ബന്ധത്തിൽ വിള്ളലുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇത് അങ്ങേയറ്റം ഭയാനകമായ കാര്യമാണ്. സമൂഹത്തിലെ സമാധാനം കെടുത്തുന്ന കാര്യങ്ങളാണ്. തങ്ങൾ ചെയ്ത കരാർ ലംഘിക്കുന്ന കാര്യങ്ങളാണ്. അല്ലാഹുവിന്റെ കല്പനകളിൽനിന്ന് ദൂരത്താകുന്ന കാര്യങ്ങളാണ്. നമുക്ക് ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കാൻ തൗഫീഖ് നല്കിക്കൊണ്ട് അല്ലാഹു നമ്മുടെമേൽ ഔദാര്യം ചെയ്തിരിക്കുന്നു. അല്ലാഹു, പരസ്പരം സഹോദരങ്ങളാകാനുള്ള ഏർപാടു ചെയ്തു തന്നിരിക്കുന്നു. നമ്മൾ നമ്മുടെ ചിലവ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി നമ്മുടെ ഈഗോയുടെ സമാധാനത്തിനുവേണ്ടി അല്ലെങ്കിൽ മനസ്സിൽ വെറുപ്പും വിദ്വേഷവും വെച്ചുകൊണ്ട് പരസ്പരം പകരംവീട്ടാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. പകരംവീട്ടാൻ എത്രത്തോളം പോകുന്നുവെന്നാൽ അല്ലാഹുവിനോടുള്ള ഭയവും മനസ്സുകളിൽനിന്ന് പുറത്തുകളയുന്നു. ഇനി ആരുടെയെങ്കിലും വിചാരത്തിൽ അയാളോടു അതിക്രമം ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെ പ്രശ്നം പരിഹരിക്കപ്പെട്ടതിനുശേഷം, അവസാനിച്ചതിനുശേഷം അക്രമം കാണിച്ചവരിൽനിന്ന് വേറിട്ടുപോകുക. എല്ലാ കാര്യങ്ങളും അറിയുന്നവനായ അല്ലാഹുവിൽ ആ പ്രശ്നം വിടുക. ഇക്കാര്യത്തിൽ ഒരു സത്യ വിശ്വാസിയുടെ സൗഭാഗ്യമെന്നു പറയുന്നത് അല്ലാഹുവിൽ കാര്യം അർപിക്കുക എന്നതാണ്.

നമ്മുടെ സമൂഹത്തിൽ നീതിയും ന്യായവും സത്യതയും സ്ഥാപിച്ചതിനുശേഷം, നിങ്ങളുടെ വ്യക്തിപരവും സാമൂഹികവും ദേശീയവുമായ കാര്യങ്ങളിൽനിന്ന് പുറത്തിറങ്ങിയും ഉയർന്ന നിലയിലുള്ള നീതിയും ന്യായവും സ്ഥാപിക്കുക എന്നത് നിങ്ങളുടെ ഉത്തരവാദമാണെന്നും അല്ലാഹു സത്യവിശ്വാസികളോടു കല്പിച്ചിരിക്കുന്നു. അന്യജനതകളോടും നീതിയോടും ന്യായത്തോടുംകൂടി പെരുമാറിക്കൊണ്ട് അതിന്റെ ഉയർന്ന നിലവാരം സ്ഥാപിക്കുക. ശത്രുക്കളോടുപോലും നിങ്ങൾ നീതിയുടേയും ന്യായത്തിന്റേയും നിലവാരം കാണിച്ചിട്ടില്ലെങ്കിൽ നിങ്ങൾ തഖ്‌വയിലൂടെ നടക്കുന്നവരല്ലെന്ന് വിധിയെഴുതപ്പെടുന്നതാണ്. ഞാൻ ഓതിയ മാഇദ അധ്യായത്തിലെ ഒമ്പതാം വചനത്തിന്റെ തർജമ ഇപ്രകാരമാണ്.

"വിശ്വസിച്ചവരേ! നിങ്ങൾ നീതിയ്ക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിന്റെ വിരോധം അവരോടു നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ(എപ്പോഴും) നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവുമടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് അല്ലാഹു തീർച്ചയായും അറിയുന്നവനാണ്. (5:9)

ചില സ്ഥലങ്ങളിൽ മതപരമായ അഭിപ്രായ ഭിന്നതകളുണ്ടാകുന്നു. ഇക്കാരണത്താൽ മറ്റുള്ള മതക്കാർ അക്രമവും ചെയ്യാറുണ്ട്. അത്തരം അവസ്ഥകളിൽ ഒരു മുഅ്മിന്റെ ജോലി ജനതകളുടേയും മറ്റു മതക്കാരുടേയും അക്രമത്തിനു പകരം അക്രമം ചെയ്യുക എന്നതും നീതിയുടെ തേട്ടം പൂർത്തിയാക്കാതിരിക്കുകയും ചെയ്യുക എന്നതുമല്ല. ഇതുസംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഔവ്വൽ(റ) ഒരിക്കൽ ദർസിൽ പറഞ്ഞു: "ഉദാഹരണത്തിന് ഇക്കാലത്ത് ആര്യസമാജക്കാർ മുസ്‌ലീംകളെ ജോലിക്കാര്യങ്ങളിൽ ബുദ്ധിമുട്ടിക്കാറുണ്ട്. അവർ ജോലിയിൽനിന്ന് പുറത്താക്കാറുണ്ടായിരുന്നു. അവർ അങ്ങനെ ചെയ്താൽത്തന്നെയും അവരോടു പകരംവീട്ടുക എന്നത് മുസ്‌ലീംകളുടെ പണിയല്ല. അപ്പോഴാണ് നമ്മൾ ഈ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നവരാകുന്നത്."(ഹഖായിഖുൽ ഫുർഖാൻ വാള്യം 2 പേജ് 85 തഫ്സീർ സൂറ മാഇദ ആയത്ത് 9)

നീതി പാലിക്കാതിരുക്കുക എന്നതല്ല മുഅ്മിന്റെ ജോലി. നീതി സ്ഥാപിക്കുകയും തഖ്‌വയോടുകൂടി പ്രവർത്തിക്കുകയും തന്റെ കാര്യം എല്ലാം അറിയുന്നവനായ അല്ലാഹുവിൽ വിടുകയും ചെയ്യുക എന്നതാണ് മുഅ്മിന്റെ ജോലി. ഒരു യഥാർഥ മുഅ്മിന്റെ ജോലി അല്ലഹുവിന്റെ കല്പനകളെ മുറുകെ പിടിക്കുകയും അതിൽ നിലകൊള്ളുകയും അതിൽ അണുകിട അശ്രദ്ധ കാണിക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. ഒരു 'യഥാർഥ മുസ്‌ലിമിന്റെ മാതൃക' കാണിക്കുക എന്നത് ഒരു മുഅ്മിന് നിർബന്ധമാണ്. അവന്റെ എല്ലാ കർമവും എല്ലാ പ്രവൃത്തിയും അല്ലാഹുവിനുവേണ്ടിയുള്ളതായിരിക്കണം. ഇത് യഥാർഥ മുസ്‌ലിമിന്റെ അടയാളമാണ്. നീതിയെ അനുകൂലിച്ചുകൊണ്ട് സാക്ഷിയാകുക എന്നതിന്റെ അർഥംതന്നെ നിങ്ങളുടെ കർമപരമായ മാതൃക ലോകർക്ക്, മറ്റു മതക്കാർക്ക്, സമൂഹത്തിന് മാതൃകയാകുംവിധം ഇസ്‌ലാകാധ്യാപനങ്ങൾ പാലിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക എന്നാണ്. മറ്റു ജനതകൾക്ക് മാതൃകയായിത്തീരണം.

ഇക്കാലത്ത് മുസ്‌ലീംകളുടെ അനീതികളെക്കുറിച്ച് പാശ്ചാത്യൻ ദേശത്ത് ധാരാളം പറയുന്നുണ്ട്. തങ്ങളുടെ സ്വന്തം മതക്കാരോടു നീതി കാണിക്കാത്തവർ അന്യമതക്കാരോടു എന്തു നീതി കാണിക്കാനാണെന്ന് ചോദിക്കുന്നു. ഇതു വളരെ വലിയ ദുരന്തമാണ്. മുസ്‌ലീംകൾതന്നെ അവരുടെ പ്രവർത്തനങ്ങൾകൊണ്ട് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നു. ഭരണാധികാരികൾ പൊതുജനങ്ങളുടെ അവകാശം അപഹരിക്കുന്നു. പൊതുജനങ്ങൾ ഭരണാധികാരികളോടു പോരാടുന്നു. ഭരണകൂടത്തോടു പോരാടുന്നു. ജനവാസ കേന്ദ്രങ്ങൾ അക്രമത്തിന് ഇരയാകുന്നു. നശിച്ചൊടുങ്ങിക്കൊണ്ടിരിക്കുന്നു. നാമധാരികളായ ഇസ്‌ലാംപ്രേമി സംഘങ്ങൾ സ്വന്തം ആളുകളെ കൊന്നുകൊണ്ടിരിക്കുന്നു. അന്യരാജ്യങ്ങളിലും ഇവിടേയും അക്രമപരമായ പ്രവർത്തനങ്ങൾ നടത്തുന്നു. ഇവർ തങ്ങളുടെ ആളുകളെ വധിക്കുന്നു, തങ്ങളുടെ അക്രമങ്ങളെ തങ്ങൾ Justify ചെയ്യുകയാണെന്ന് പറഞ്ഞ് ന്യായീകരിക്കുന്നു; ഈ പാശ്ചാത്യർ തങ്ങളുടെ ആളുകളെ വധിക്കുന്നു, അതുകൊണ്ട് തങ്ങളും തങ്ങളുടെ അവകാശം വിനിയോഗിക്കുകയാണെന്ന് പറയുന്നു. വാസ്തവത്തിൽ മുസ്‌ലീംകളേയും കൊല്ലുന്നത് മുസ്‌ലീംകൾ തന്നെയാണ്. അന്യരിൽനിന്ന് തീർച്ചയായും സഹായം പറ്റുന്നുണ്ടെന്നു മാത്രം!

കഴിഞ്ഞ ദിവസം ഭീകരവാദഗ്രൂപ്പിന്റെ പുതിയൊരു പദ്ധതി മുന്നിൽ വരികയുണ്ടായി. അവർ അവിടെ വിവിധ നഗരങ്ങളിലും രാജ്യങ്ങളിലും ഇയ്ക്കിടെ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നവരാണ്. പാശ്ചാത്യ രാജ്യങ്ങളിലെ ബോംബിംഗ് വിമാനങ്ങൾ ആക്രമണം നടത്തി തങ്ങളുടെ കുട്ടികളെ കൊല്ലുകയും തങ്ങളുടെ ജനവാസകേന്ദ്രങ്ങൾ നശിപ്പിക്കുകയും ചെയ്തതുകൊണ്ട് തങ്ങളും യൂറോപ്പിൽ കുട്ടികളുടെമേൽ ആക്രമണം നടത്തുമെന്നും മാതാപിതാക്കളുടെ മുമ്പിൽവച്ച് ആ കുട്ടികളെ കൊല്ലുമെന്നും പറയുന്നു. വാസ്തവത്തിൽ ഈ ബോംബാക്രമണവും മുസ്‌ലിം ഭരണാധികാരികൾ പറഞ്ഞതുകൊണ്ടാണ് നടത്തിയത്. എന്തായാലും ഈ ജനതകളുടെ ശത്രുത പിന്നീട് തങ്ങളുടെ കൂടുതൽ ശത്രുതകളുടെ കുഞ്ഞുങ്ങൾക്ക് ജന്മം നല്കിക്കൊണ്ടുപോകുകയാണ്. ഈ പരമ്പര ഒരിക്കലും അവസാനിക്കുകയില്ല. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്, ഒരു ജനതയുടെ ശത്രുതയും നീതിയുടെ തേട്ടം പൂർത്തീകരിക്കാതിരിക്കാൻ നിർബന്ധിക്കുംവിധം നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന്. നീതിയുടെ തേട്ടം നിങ്ങളെന്തായാലും പൂർത്തിയാക്കണം. നീതിയുടെ തേട്ടം പൂർത്തിയാകാത്ത കാരണത്താലാണ് അക്രമം വർധിച്ചുകൊണ്ടിരിക്കുന്നത്. മുസ്‌ലീംകളുടെ കർമപരമായ മാതൃകകൾ ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമായതുകൊണ്ടാണ് അമുസ്‌ലീ


"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്‌മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
സുനിൽ അഹ്‌മദ്,അഹ്‌മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്‌മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
അഹ്‌മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)

ംകളും നമുക്കെതിരായിട്ടുള്ളത്. മുസ്‌ലീംകൾ തങ്ങളുടെ മാതൃകകൾ കാണിച്ചും ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനം ജനങ്ങൾക്കു പറഞ്ഞുകൊടുത്തും ഇസ്‌ലാമിക പ്രബോധനം നടത്തുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ, ഇവിടെ കണക്കുതന്നെ തലതിരിഞ്ഞതാണ്. മുസ്‌ലിം രാഷ്ട്രങ്ങളിൽ അക്രമങ്ങൾക്കുപുറമെ ഒന്നുംതന്നെ കാണാൻ കഴിയുന്നില്ല. ഒരു ജനതയുടെ ശത്രുത അവരോടു നീതി കാണിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന വിശുദ്ധ ഖുർആനിന്റെ അധ്യാപനം എത്ര മനോഹരമാണ്. ഈ അധ്യാപനം മറ്റൊരു മത ഗ്രന്ഥങ്ങളിലും നല്കപ്പെട്ടിട്ടില്ല. നീതി സ്ഥാപിക്കുന്നതിന് ഒരു വിവേചനവുമില്ല. നീതി കരസ്ഥമാക്കാനുള്ള അവകാശം മുസ്‌ലീംകൾക്കും അമുസ്‌ലീംകൾക്കും ഒരുപോലെയുണ്ട്. എന്നല്ല ശത്രുക്കളോടുള്ള പെരുമാറ്റത്തിലും നീതിയുടെ തേട്ടം പൂർത്തീകരിക്കേണ്ടതാണ്. ഇതിലേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഇത് എത്രമാത്രം സുന്ദരമായ അധ്യാപനമാണ്. പക്ഷേ, ഖേദകരമെന്നു പറയട്ടെ, ഈ അധ്യാപനം നിലനില്ക്കെ മുസ്‌ലീംകളുടെ കർമങ്ങൾ അമുസ്‌ലിം ലോകത്ത് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കി. പൊതുമുസ്‌ലീംകളും ഭരണാധികാരികളും ഉലമായുമെല്ലാം ഇതു ചെയ്തുകൊണ്ടിരിക്കുന്നു. നമ്മുടെ കർമപരമായ പ്രവർത്തനങ്ങൾകൊണ്ട് ഇസ്‌ലാം എത്രമാത്രം നീതിയുടേയും ന്യായത്തിന്റേയും അധ്യാപനമാണ് നല്കുന്നതെന്ന് ലോകത്തോടു പറയേണ്ടുന്ന ഉത്തരവാദമാണ് അവരുടെ ഈ ചെയ്തികൾ നമ്മളിൽ ഇടുന്നത്. ഇക്കാരണത്താൽ ലോകത്ത് സമാധാനത്തിന്റേയും ശാന്തിയുടേയും സംസ്ഥാപനം ഉണ്ടാകാവുന്നതാണ്. നബി(സ)തിരുമേനി എത്രമാത്രം സൂക്ഷ്മതയോടുകൂടിയാണ് സ്വഹാബാക്കളെക്കൊണ്ട് ഇതനുസരിച്ച് പ്രവർത്തിപ്പിച്ചത്. അതിന്റെ ചില ഉദാഹരണങ്ങൾ നല്കുകയാണ്.

“ഒരിക്കൽ നബി(സ)തിരുമേനി വാർത്തകൾ കൊണ്ടുവരുന്നതിനുവേണ്ടി കുറച്ചു സ്വഹാബാക്കളെ മക്കയിലേക്ക് അയച്ചു. മുസ്‌ലീംകളുടെ അപ്പോഴത്തെ അവസ്ഥ അങ്ങേയറ്റം ഭയാനകമായിരുന്നു. ഏതു സമയത്തും ശത്രുക്കളുടെ ആക്രമണവും അവരുടെ ഭാഗത്തുനിന്ന് നഷ്ടം വരുത്താനുള്ള ശ്രമവും ഉണ്ടാകുമെന്നുള്ള ഭീഷണി നിലനിന്നിരുന്നു. ആ പരിതഃസ്ഥിതിയിൽ ഈ സ്വഹാബാക്കൾ വിവരങ്ങൾ അറിയാൻ പോയപ്പോൾ ഹറമിന്റെ അതിർത്തിയിൽവച്ച് കുറച്ചാളുകളെ അവർ കണ്ടുമുട്ടി. അവർ ശത്രുക്കളുടെ ആളുകളായിരുന്നു. അവർ തങ്ങളെ കണ്ടിട്ടുണ്ടെന്ന് മുസ്‌ലീംകൾ വിചാരിച്ചു. ഇനി അവരെ വിട്ടാൽ അവർ മക്കക്കാരെ വിവരം അറിയിക്കുമെന്നും അവർ തങ്ങളുടെമേൽ ആക്രമണം നടത്തി തങ്ങളെ കൊല്ലുമെന്നും അവർ കരുതി. ഈ ചിന്തയാൽ സ്വഹാബാക്കൾ ആ നിഷേധികളിൽ ഒന്നുരണ്ടാളുകളെ വധിച്ചുകളഞ്ഞു. സ്വഹാബാക്കൾ തിരിച്ച് മദീനയിലെത്തിയപ്പോൾ മക്കക്കാരുടെ ആളുകളുമെത്തി. താങ്കളുടെ ആളുകൾ തങ്ങളുടെ രണ്ടാളുകളെ ഹറമിന്റെ ഉള്ളിൽവച്ചു വധിച്ചുവെന്ന് അവർ നബി(സ)തിരുമനിയോടു പറഞ്ഞു. നബി(സ)തിരുമേനി അവരുടെ വാക്കു കേട്ടിട്ട് നിങ്ങളും അക്രമം ചെയ്തുകൊണ്ടിരുന്നവരാണല്ലോ അതുകൊണ്ട് ഇപ്പോൾ നിങ്ങളോടു ഇങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനിപ്പോൾ എന്തിനാണ് ബഹളം വെക്കുന്നതെന്ന് ചോദിച്ചില്ല! മറിച്ച് അവിടന്ന് പെട്ടെന്ന് നടപടി സ്വീകരിച്ചു. അവരോടു പറഞ്ഞു, നിങ്ങളോടു ചെയ്തത് തെറ്റാണ്. അനീതിയാണ്. ഹറമിൽ ആയ കാരണത്താൽ നിഷേധികൾ പൂർണമായ നിലയിൽ പ്രതിരോധിക്കാൻ ശ്രമിച്ചിട്ടില്ലായിരിക്കാം. അതുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു, അറേബ്യയുടെ പാരമ്പര്യമനുസരിച്ച് വധിക്കപ്പെട്ട രണ്ടുപേർക്കും പകരം രക്തവില നല്കുന്നതായിരിക്കും. അത് നബി(സ)തിരുമേനി നല്കുകയും ചെയ്തു. എന്തിനാണ് ഈ തെറ്റു ചെയ്തതെന്ന് ചോദിച്ച് സ്വഹാബാക്കളെ വഴക്കുപറയുകയും ചെയ്തു."(ശറഹ് സർഖാനീ മവാഹിബുല്ലദുന്നിയ വാള്യം 2 പേജ് 238–241)

“ഒരിക്കൽ ഒരു യുദ്ധത്തിൽ അബദ്ധവശാൽ സ്വഹാബാക്കളുടെ കൈയാൽ ഒരു സ്ത്രീ വധിക്കപ്പെട്ടു. അവിടന്ന് ഇത് അറിഞ്ഞു. അവിടന്ന് സ്വഹാബാക്കളെ ശക്തമായി വഴക്കുപറഞ്ഞു. നിവേദനത്തിൽ വന്നിരിക്കുന്നു: അവിടത്തെ മുഖത്ത് എത്രമാത്രം ദ്വേഷം പ്രകടമായിരുന്നുവെന്നാൽ അതിനുമുമ്പേ ഒരിക്കലും അങ്ങനെ കണ്ടിട്ടില്ല. അബദ്ധവശാൽ സംഭവിച്ചതുപോയതാണെന്ന് സ്വഹാബാക്കൾ പറയുകയും ചെയ്തിരുന്നു. പക്ഷേ, അബദ്ധവശാൽ വധിക്കപ്പെട്ടിട്ടും നീതി സ്ഥാപിതമാകാത്തതിൽ ആ മഹാത്മാവിന് കഠിനമായ ബുദ്ധിമുട്ടുണ്ടായി.'' ( സ്വഹീഹുൽ ബുഖാരി, കിതാബുൽ ജിഹാദ്)

നീതി സ്ഥാപിച്ചുകൊണ്ട് ഒരു യഹൂദിയുടേയും ഒരു മുസ്‌ലിമിന്റേയും ഇടയിലെ പ്രശ്നത്തിന് എങ്ങനെയാണ് അവിടന്ന് തീരുമാനം കല്പിച്ചത്. നിവേദനത്തിൽ വന്നിരിക്കുന്നു, “ഒരു യഹൂദിക്ക് ഒരു സ്വഹാബി നാലു ദിർഹം കടം വീട്ടാനുണ്ടായിരുന്നു. അതിന്റെ അവധി അവസാനിച്ചു കഴിഞ്ഞിരുന്നു. യഹൂദി വന്ന് നബി(സ)തിരുമേനിയോടു പരാതിപ്പെട്ടു; ഇയാൾ എനിക്ക് നാലു ദിർഹം തരാനുണ്ട് പക്ഷേ, തരുന്നില്ല. നബി(സ)തിരുമേനി ആ സ്വഹാബിയെ വിളിപ്പിച്ചു. അദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. ഈ യഹൂദിയുടെ അവകാശം കൊടുക്കാൻ നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ്(റ)പറഞ്ഞു: ‘അങ്ങയെ സത്യത്തോടുകൂടി അയച്ച അല്ലാഹുവാണ! എനിക്കു കടം വീട്ടാൻ കഴിവില്ല.’ നബി(സ)തിരുമേനി വീണ്ടും അയാളോടു ആ വ്യക്തിയുടെ കടം വീട്ടാൻ പറഞ്ഞു. അങ്ങ് ഞങ്ങളെ ഖയ്ബറിലേക്ക് അയക്കുമെന്നും യുദ്ധമുതലിൽനിന്ന് കുറച്ചു ഭാഗം തരുമെന്നും തിരിച്ചു വന്ന് താൻ താങ്കളുടെ കടം വീട്ടുമെന്നും താൻ അയാളോടു പറഞ്ഞിട്ടുണ്ടെന്ന് നബി(സ)തിരുമേനിയോടു അബ്ദുല്ലാഹ് പറഞ്ഞു. അയാളുടെ കടം വീട്ടാൻ നബി(സ)തിരുമേനി അയാളോടു വീണ്ടും പറഞ്ഞു. നബി(സ)തിരുമേനി ഏതെങ്കിലും കാര്യം മൂന്നു പ്രാവശ്യം പറഞ്ഞാൽ അത് അഖണ്ഡിതമായ തീരുമാനമായി മനസ്സിലാക്കപ്പെടുമായിരുന്നു. അങ്ങനെ ഹദ്റത്ത് അബ്ദുല്ലാഹ് അപ്പോൾത്തന്നെ ബാസാറിൽപോയി. അദ്ദേഹം ഒരു ചാദുറാണ് മുണ്ടായി ഉടുത്തിരുന്നത്. തലയിലിടുന്ന ഒരു തുണിയുമുണ്ടായിരുന്നു. തലയിലെ തുണിയെടുത്ത് അദ്ദേഹം മുണ്ടായി ഉടുത്തു. ചാദുർ നാല് ദിർഹമിന് വിറ്റ് കടംവീട്ടി.” ഈ നിലവാരമായിരുന്നു നബി(സ)തിരുമേനി സ്ഥാപിച്ചിരുന്നത്. അബ്ദുല്ലാഹ് കൂടുതൽ സമയം ചോദിച്ചതുകൊണ്ട് അതു കൊടുക്കാൻ യഹൂദിയോടു പറഞ്ഞില്ല. മറിച്ച് പെട്ടെന്ന് യഹൂദിയുടെ കടം വീട്ടാൻ തന്റെ സ്വഹാബിയോടു പറയുകയാണ് ചെയ്തത്. അതിനുവേണ്ടി അദ്ദേഹത്തിന് തന്റെ ഉടുതുണിപോലും അഴിച്ച് വില്ക്കേണ്ടി വന്നു.

ഇതാണ് നീതിയുടേയും ന്യായത്തിന്റേയും നിലവാരം. ഈ നിലവാരം നമ്മൾ എല്ലാ തലത്തിലും നിലനിറുത്തുകയാണെങ്കിൽ ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സേവകന്റെ യഥാർഥ വിശ്വാസികളിൽ പെടുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിതനായതിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതായിരിക്കും. അവിടന്ന് ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിനും അതിന്റെ സവിശേഷ ഗുണങ്ങൾ ലോകത്തിനു കാണിച്ചുകൊടുക്കുന്നതിനുംവേണ്ടിയാണ് അയക്കപ്പെട്ടിട്ടുള്ളത്. അങ്ങനെ നബി(സ)തിരുമേനിയുടെ കൊടിക്കീഴിൽ ഏറ്റവും കൂടുതൽ ആളുകൾ സംഘടിക്കണം. ഇതു നടപ്പിൽ വരുന്നത് നമ്മൾ സത്യത്തോടുകൂടി ജനങ്ങൾക്ക് സന്മാർഗം പറഞ്ഞുകൊടുക്കുന്നതോടൊപ്പം നമ്മുടെ ഈ അധ്യാപനത്തോടൊപ്പം നീതിയും സ്ഥാപിക്കുമ്പോഴാണ്.

ഞാൻ തിലാവത്ത് ചെയ്ത സൂറ അഅ്റാഫിലെ ആയത്തിലും അല്ലാഹു ഇതുതന്നെയാണ് നിർദേശിച്ചിട്ടുള്ളത്. അതിന്റെ തർജമ ഇപ്രകാരമാണ്: “സത്യമനുസരിച്ച് ജനങ്ങളെ നയിക്കുകയും അതുകൊണ്ടുതന്നെ നീതി പുലർത്തുകയും ചെയ്യുന്ന ഒരു വിഭാഗം ആളുകൾ നാം സൃഷ്ടിച്ചവരിലുണ്ട്.” മനുഷ്യൻ സ്വയം സന്മാർഗത്തിൽ നിലകൊള്ളുന്നില്ലെങ്കിൽ മറ്റുള്ളവർക്ക് എന്തു സന്മാർഗം നല്കാനാണ്. മനുഷ്യൻ സ്വയം നീതിയിൽ നിലകൊള്ളാത്തിടത്തോളം മറ്റുള്ളവർക്ക് എന്തു നീതി നല്കാനാണ്.

അതിനാൽ, നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ചെയ്ത ബയ്അത്തുപ്രതിജ്ഞ പൂർത്തിയാക്കണമെങ്കിൽ, അവിടത്തെ മിഷനെ പൂർണമാക്കണമെങ്കിൽ, ഇസ്‌ലാമിന്റെ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കണമെങ്കിൽ, പ്രബോധനത്തിനോടുള്ള കടമ നിറവേറ്റണമെങ്കിൽ, നബി(സ)തിരുമേനി നിർദേശിച്ച ഇസ്‌ലാമികാധ്യാപനം അനുസരിച്ച് എല്ലാ ഉൽകൃഷ്ടമായ സ്വഭാവങ്ങളും സ്വായത്തമാക്കേണ്ടിവരും. അതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇങ്ങനെ ചെയ്യാൻ നമ്മളോടു പറഞ്ഞു: നമ്മുടെ സാക്ഷ്യങ്ങൾ സത്യവും നീതിയുമനുസരിച്ച് അല്ലെങ്കിൽ നമ്മുടെ കുടുംബപരവും സാമൂഹികപരവുമായബന്ധങ്ങൾ നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ചല്ലെങ്കിൽ നമ്മുടെ മനസ്സ് ശത്രുക്കൾക്കുവേണ്ടിയും വെറുപ്പിൽനിന്നും വിദ്വേഷത്തിൽനിന്നും പരിശുദ്ധമല്ലെങ്കിൽ നമ്മുടെ പ്രബോധനം യഥാർഥ സന്മാർഗം എത്തിക്കുന്ന പ്രബോധനമായിരിക്കുകയില്ല. നമ്മുടെ അവസ്ഥകളും നമ്മുടെ നീതിയുടെ നിലവാരവും കണ്ട് അന്യർ നമ്മളോടു പറയും, ആദ്യം നീ സ്വയം ഈ സന്മാർഗമനുസരിച്ച് പ്രവർത്തിക്കുക, ആദ്യം നീ നിന്റെ സമൂഹത്തിൽ നീതി നടപ്പിൽ വരുത്തുക, എന്നിട്ട് ഞങ്ങളോടു പറയുക! അതിനാൽ ഓരോ അഹ്മദിക്കും വളരെ വലിയ ഉത്തരവാദിത്തമാണുള്ളത്. നിങ്ങളുടെ കർമങ്ങൾകൊണ്ട് തബ്ലീഗിന്റെ വഴികൾ തുറക്കുക. നമ്മുടെ കർമങ്ങൾകണ്ട് ഇസ്‌ലാമിനെ പരിചയപ്പെടുന്ന ആളുകൾക്ക് ഇസ്‌ലാമിന്റെ ഉൽകൃഷ്ട ഗുണങ്ങൾ അംഗീകരിക്കാതിരിക്കാൻ സാധിക്കുകയില്ല.

നമ്മൾ അല്ലാഹുവിന്റെ കല്പനകളിലൂടെ നടന്ന് നമ്മുടെ ജീവിതത്തെ വാർത്തെടുക്കാൻ അവൻ അനുഗ്രഹിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. നമ്മൾ മറ്റുള്ളവർക്ക് സന്മാർഗത്തിന്റേയും നീതിയുടേയും മാതൃകയാവട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഒരു ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. ഹസൻ മുഹമ്മദ് ഖാൻ ആരിഫ് സാഹിബിന്റേതാണ് ഈ ജനാസ. അദ്ദേഹം ഫള്ൽ മുഹമ്മദ് ഖാൻ സാഹിബ് ശിംലവിയുടെ മകനാണ്. ഹസൻ മുഹമ്മദ് ഖാൻ ആരിഫ് സാഹിബ് റബ്വയിലെ മുൻ നായിബ് വക്കീലുൽ തബ്ശീർ ആയിരുന്നു. കനഡയിലെ അഹ്മദിയ്യാ ഗസറ്റിന്റെ എഡിറ്റ

റുമായിരുന്നു. നവംബർ 3ന് 97–ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഹസൻ മുഹമ്മദ് ഖാൻ ആരിഫ് സാഹിബ് 1920 ജനുവരി 26ന് ജലന്ധറിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഫള്ൽ മുഹമ്മദ് ഖാൻ സാഹിബ് ശിംലവി 1915ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കൈയിൽ ബയ്അത്ത് ചെയ്തു. ഹസൻ മുഹമ്മദ് ഖാൻ സാഹിബിന്റെ പിതാവ് 35 വർഷംവരെ സർക്കാർ ഓഫീസിൽ ജോലി ചെയ്തിരുന്നു. ഡപ്യൂട്ടി അസിസ്റ്റന്റ് ഫിനാൻഷ്യൽ അഡ്വൈസർ എന്ന നിലയിലാണ് റിട്ടയേർഡ് ചെയ്തത്. തബ്ലീഗ് ചെയ്യാൻ വലിയ താൽപര്യമായിരുന്നു. ആ കാലഘട്ടത്തിലും ഇദ്ദേഹം മുഖേന രണ്ട് ഇംഗ്ലീഷുകാർ മുസ്‌ലിമായിരുന്നു. ഇതിനു പുറമേയും ഡസൻ കണക്കിന് ആളുകൾ അദ്ദേഹം മുഖേന അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടുണ്ട്.

ആദ്യം സർക്കാർ ഉദ്യോഗസ്ഥനായിരുന്നു. പിന്നീട് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞതനുസരിച്ച് ബി.എ ചെയ്തു. അത് കഴിഞ്ഞ് റബ്വയിൽ വന്ന് എം.എ ചെയ്തു. 1943ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഡൽഹിയിൽ വന്നപ്പോൾ ഹസൻ മുഹമ്മദ് ഖാൻ ആരിഫ് സാഹിബ് ജീവിതം അർപ്പണം ചെയ്യാൻ തീരുമാനിച്ചു. ആ നേരത്ത് അദ്ദേഹം ഗവർമ്മെന്റ് ഓഫ് ഇന്ത്യയുടെ ഒരു ഓഫീസിൽ ഉദ്യോഗം വഹിക്കുകയായിരുന്നു. ഹസൻ മുഹമ്മദ് ഖാൻ ആരിഫ് സാഹിബ് തന്റെ പിതാവിനോട് ഇക്കാര്യം പറഞ്ഞപ്പോൾ അദ്ദേഹം വളരെ സന്തോഷിച്ചു. അതിനോടൊപ്പം അദ്ദേഹം ഉപദേശിച്ചു: "വഖ്ഫ് ചെയ്യാൻ പോകുകയാണ്. നിനക്കവിടെ വളരെ സുഖം കിട്ടുമെന്നുള്ള വിചാരമൊന്നും വേണ്ട. യഥാർഥമായ നിലയിൽ വഖ്ഫ് ചെയ്യുകയാണെങ്കിൽ ഓർമിച്ചുകൊള്ളുക, ഇത് മുള്ളുകളുടെ വിത്താണ്. ഇവിടെ രാജാക്കന്മാരുടെ ജീവിതം നിനക്ക് കിട്ടില്ല. സാധാരണമനുഷ്യരെപോലെ നിനക്ക് കഴിയേണ്ടിവരും. ഇപ്പോൾ നിനക്ക് കിട്ടുന്ന ശംബളത്തെ അപേക്ഷിച്ച് വളരെ കുറവായിരിക്കും നിനക്ക് അവിടെ ചെലവിന് കിട്ടുക. അതനുസരിച്ച് നിനക്ക് ജീവിക്കേണ്ടിവരും." എന്തായാലും താൻ വഖ്ഫ് ചെയ്യുകയാണെന്ന് അദ്ദേഹം പറഞ്ഞു. പിതാവിനോടൊപ്പം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ സന്നിധിയിൽ ഹാജരായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു, 'ആദ്യം ബിഎ പൂർത്തിയാക്കുക. പിന്നീട് വഖ്ഫ് ചെയ്യുക.' അങ്ങനെ 1945ൽ അദ്ദേഹം ബി.എ ചെയ്തു. പിന്നെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെ വിവരമറിയിച്ചു. ഇവിടെ റിപ്പോർട്ട് ചെയ്യാൻ അവിടന്ന് പറഞ്ഞു. അതനുസരിച്ച് അദ്ദേഹം ഗവർമ്മെന്റ് ഉദ്യോഗം രാജിവെച്ച് കേന്ദ്രത്തിലെത്തി. അവിടെ അദ്ദേഹത്തെ നാഇബ് വക്കീലുത്തിജാറത്തായി നിയമിച്ചു. പിന്നീട് ഇന്ത്യാ വിഭജനകാലത്ത് ഹസൻ മുഹമ്മദ് ഖാൻ ആരിഫ് സാഹിബ് ദർവേശ് എന്ന നിലയിൽ സ്ഥിരമായി ഖാദിയാനിൽ താമസിക്കാൻ അപേക്ഷ കൊടുത്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് അത് സ്വീകരിച്ചു. പക്ഷേ, കേന്ദ്രത്തിന്റെ ആവശ്യമനുസരിച്ച് കുറച്ചുകാലത്തിനുശേഷം അദ്ദേഹത്തെ പാക്കിസ്താനിലേക്ക് വിളിപ്പിച്ചു. അവിടെ നാഇബ് വക്കീലുത്തി ജാറാത്ത് എന്ന നിലയിൽ ചുമതല നല്കി. പിന്നീട് ഫുർഖാൻ ഫോഴ്സിന്റെ ഓഫീസിലും ഇൻചാർജായിരുന്നു. 1951–ൽ ദഫ്തർ വക്കാലത്തെ തബ്ശീറിലും നിയമനമുണ്ടായി. പിന്നീട് 1953 ലെ പഞ്ചാബ് കലാപത്തി ന്നിടയിൽ തഹ്രീക്കെ ജദീദിന്റെ ഓഫീസുകളിൽ പോലീസ് പരിശോധന നടത്തി. അതിനിടയിൽ ഹസൻ മുഹമ്മദ്ഖാൻ ആരിഫ് സാഹിബിനേയും അറസ്റ്റ്ചെയ്തു. കാരണം അദ്ദേഹത്തിന്റെയടുത്താണ് ലോകത്തിന്റെ വിവിധ ഭാഗത്തുനിന്ന് റിപ്പോർട്ടുകൾ വന്നുകൊണ്ടിരുന്നതും മുബല്ലിഗുമാർക്ക് എല്ലാ മാസവും കത്തുകൾ എഴുതിയിരുന്നതും. എന്തായാലും നിരോധനാജ്ഞയ്ക്കുശേഷം അദ്ദേഹം മോചിതനായി. ഇങ്ങനെ അദ്ദേഹത്തിന് അല്ലാഹുവിന്റെ വഴിയിൽ തടവ് അനുഭവിക്കാനും ഭാഗ്യം കിട്ടി. അദ്ദേഹം ആബാദി ദഫ്തർ കമ്മിറ്റിയുടെ ഇൻചാർജായിരുന്നു. പിന്നീട് വീണ്ടും വക്കാലത്തെ തബ്ശീറിൽപോയി. നാഇബ് വക്കീലുത്തബ്ശീറായി. 30 വർഷംവരെ അദ്ദേഹത്തിന് നാഇബ് വക്കീലുത്തബ്ശീർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അതിനോടൊപ്പം മറ്റു വിവിധ ഓഫീസുകളിലും താൽക്കാലികമായി ജോലി ചെയ്തുകൊണ്ടിരുന്നു. വക്കീലുദ്ദീവാനുമായിരുന്നു. വക്കീലുത്തഅ്ലീമുമായിരുന്നു. വക്കീലുസ്സറാഅത്തു(കൃഷി വകുപ്പ്)മായിരുന്നു. വക്കീലുൽ മാലുമായിരുന്നു. അഫ്സർ അമാനത്തുമായിരുന്നു. 1981ൽ അദ്ദേഹം റിട്ടയർമെന്റ് വാങ്ങി. അതിനുശേഷം അദ്ദേഹം കനഡയിലേക്ക് ഹിജ്റത്ത് ചെയ്തു. അഹ്മദിയ്യാ ഗസറ്റിന്റെ എഡിറ്റർ എന്ന നിലയിൽ സേവനം ചെയ്യാൻ തുടങ്ങി. 2006വരെ 26 വർഷം അദ്ദേഹത്തിന് ഈ സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. ആരംഭകാലത്തെ മൂസികളിൽപെട്ടയാളായിരുന്നു. അദ്ദേഹത്തിന്റെ വസിയ്യത്ത് നമ്പർ 5745 ആണ്. തഹ്രീക്കെ ജദീദിന്റെ സഫ്ഫെ അവ്വലിലെ മുജാഹിദീംകളിൽപെട്ടയാളാണ്. ആ സമയത്ത് അദ്ദേഹത്തിന്റെ നമ്പർ 151 ആയിരുന്നു.


1978ൽ അദ്ദേഹം ഉർദു ഭാഷയിൽ 'മുഖദ്ദസ് കഫൻ'(തിരുശീല)എന്ന ഗ്രന്ഥം രചിച്ചു. ഇംഗ്ലീഷിൽ ആ ഗ്രന്ഥമെഴുതാൻ തുടങ്ങിയതായിരുന്നു. അദ്ദേഹത്തിന്റെ ഇംഗ്ലീഷും നല്ലതായിരുന്നു. പക്ഷേ, ഹദ്റത്ത് ഖലീഫത്തുൽ ഥാലിഥ്(റഹ്) ഉർദു ഭാഷയിൽ ഈ ഗ്രന്ഥമെഴുതാനാണ് നിർദ്ദേശിച്ചത്. കാരണം ഉർദു ഭാഷയിൽ ഹദ്റത്ത് മസീഹ് നാസ്രിയുടെ തിരുശീലയെ സംബന്ധിച്ചുള്ള ആദ്യത്തെ ഗ്രന്ഥമായിരുന്നു ഇത്. ഇതിനു പുറമെ കുട്ടികൾക്കായുള്ള പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. അതിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ പ്രവചനങ്ങൾ, സയ്യിദുനാ ബിലാൽ തുടങ്ങിയവയും പെടുന്നു.

1944–ൽ സയ്യിദ അഖ്തർ ഫയ്ളി സാഹിബയുമായി അദ്ദേഹത്തിന്റെ വിവാഹം നടന്നു. ഇവർ ഫള്ലുർറഹ്മാൻ സാഹിബിന്റെ മകളായിരുന്നു. അവരിൽ അദ്ദേഹത്തിന് നാല് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. അവർ കനഡയിലും അമേരിക്കയിലും താമസിക്കുന്നു. ഫരീദ് അഹ്മദ് ആരിഫിന്റെ ഭാര്യയായ അദ്ദേഹത്തിന്റെ മരുമകൾ എഴുതുന്നു:"സ്ഥിരം തഹജ്ജുദ് നമസ്കരിക്കുന്ന ആളും വിലപിച്ചു നമസ്കരിക്കുന്ന വ്യക്തിയുമായിരുന്നു. ഖിലാഫത്തിനോടു അതുല്യമായ സ്നേഹത്തിന്റേയും അനുസരണത്തിന്റേയും ബന്ധമായിരുന്നു." പറയുന്നു: 'അദ്ദേഹത്തിന്റെ വഫാത്തിനുശേഷമാണ് പാക്കിസ്താനിൽ ഒന്നിലധികം ഭാര്യമാരുണ്ടെന്ന് ഞങ്ങൾക്കു മനസ്സിലായത്. സ്ഥിരമായി അദ്ദേഹം സാമ്പത്തികസഹായം എത്തിച്ചുകൊടുക്കുന്ന ധാരാളം യതീം കുട്ടികളുമുണ്ടായിരുന്നു.'

അമീർ സാഹിബ് കനഡ എഴുതുന്നു:"ഇദ്ദേഹം താമസിക്കുന്ന സ്ഥലത്ത് ധാരാളം സിക്കുകാർ താമസിക്കുന്നുണ്ട്. സിക്കുകാരുമായുള്ള സുഹൃത്ബന്ധം കാരണത്താൽ അവർ രൂപീകരിച്ച സിക്കു കൽച്ചറൽ അസോസിയേഷന്റെ പ്രസിഡന്റായി ഇദ്ദേഹത്തെ തിരഞ്ഞെടുത്തു. തങ്ങളുടെ പ്രസിഡന്റാകണമെന്ന് നിർബന്ധം പിടിച്ചാണ് അവർ അദ്ദേഹത്തെ പ്രസിഡന്റാക്കിയത്. വണ്ടി ഓടിക്കാനറിയില്ലായിരുന്നു. എന്നിട്ടും ജുമുഅ നമസ്കരിക്കുന്നതിനുവേണ്ടി ബ്രോംടണിൽനിന്ന് വരുമായിരുന്നു. രണ്ടുമൂന്നു ബസ്സ് മാറിക്കയറണമായിരുന്നു.' നാഇബ് അമീർസാഹിബ് എഴുതുന്നു:'കനഡയിൽ വന്നതിനു ശേഷം ഇവിടെത്തെ അഹ്മദിയ്യാ ഗസറ്റിന്റെ നിലവാരംകൊണ്ട് അദ്ദേഹത്തിന് അഭിമാനാർഹമായ നില കൈവന്നിരുന്നു. ഖിലാഫത്തിനോടു ദൃഢമായ വിശ്വാസവും എല്ലാ ഖലീഫമാരോടും അങ്ങേയറ്റം സ്നേഹവും വിശ്വാസവുമായിരുന്നു.

എന്റെ കുട്ടിക്കാലംമുതലേ എനിക്ക് അദ്ദേഹത്തെ അറിയാം. പക്ഷേ, ഖിലാഫത്തിനു ശേഷം അദ്ദേഹത്തിൽ ഉണ്ടായ മാറ്റം കണ്ട് അത്ഭുതം തോന്നിയിരുന്നു. കമ്പ്യൂട്ടർ തുടങ്ങിയവ ഇല്ലാതിരുന്ന ആരംഭകാലത്ത് അഹ്മദിയ്യ ഗസറ്റിന്റെ ഉർദു ഭാഗം തന്റെ കൈകൊണ്ടെഴുതുമായിരുന്നു. ഇംഗ്ലീഷു ഭാഗം ടൈപ്പു ചെയ്യുമായിരുന്നു. ഖുത്ബകളുടെ ഇംഗ്ലീഷ് തർജമ ചെയ്യുകയും പലവട്ടം വായിക്കുകയും ചെയ്യുമായിരുന്നു. തൃപ്തിയാകാത്തിടത്തോളം ഗസറ്റിൽ ഉൾപ്പെടുത്തുമായിരുന്നില്ല. വലിയ ഓർമശക്തിയുമുണ്ടായിരുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ അവഗാഹം നേടിയിരുന്നു. വായനയ്ക്ക് ഏതെങ്കിലും ഗ്രന്ഥം എപ്പോഴും കൈയിൽ കരുതുമായിരുന്നു. പത്രങ്ങൾ വളരെ താൽപര്യത്തോടെ വായിക്കുമായിരുന്നു. സ്വഹാബാക്കളുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ മിക്കപ്പോഴും കേൾപ്പിക്കുമായിരുന്നു. എഴുതുന്നയാൾ പറയുന്നു: 'ഖലീഫത്തുൽ മസീഹ് അവ്വലിന്റെ 'മിർഖാത്തുൽ യഖീൻ' എന്ന ഗ്രന്ഥത്തിൽ നിന്ന് ഈമാൻ ദൃഢീകരിക്കുന്ന ഏതെങ്കിലും സംഭവമില്ലാതെ അദ്ദേഹത്തിന്റെ കാലത്ത് 'അഹ്മദിയ്യാ ഗസറ്റ്'ഇറങ്ങിയിട്ടുണ്ടാകുകയില്ല.'

അല്ലാഹു പരേതനോടു റഹ്മത്തോടും മഗ്ഫിറത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറയ്ക്കും ഖിലാഫത്തിനോടും അഹ്മദിയ്യത്തിനോടും ഉറച്ച ബന്ധം നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ.




പേജ് 12ൽ നിന്ന്

ന്നത് അസംഭവ്യമായിരുന്നു. ഏകദൈവത്തിൽ വിശ്വസിക്കാൻ അറബികൾ ഒട്ടും തയ്യാറായിരുന്നില്ല. ഉന്നതമായ ആ വീക്ഷണം ഉൾക്കൊള്ളാൻ അവർക്ക് കഴിവും ഇല്ലായിരുന്നു. വാസ്തവത്തിൽ അക്രമികളും ഭയങ്കരന്മാരുമായ ആ സമൂഹത്തിൽ ഏകദൈവ വീക്ഷണം പരിചയപ്പെടുത്തുകയെന്നത് രൂക്ഷാവസ്ഥ സൃഷ്ടിക്കാനുള്ള സാധ്യതയുണ്ടായിരുന്നു. ആ സമൂഹത്തിൽ തന്റെ ജീവിതം രക്ഷിക്കാൻ കഴിഞ്ഞ മുഹമ്മദ്(സ) തീർച്ചയായും മഹാഭാഗ്യവാനാണ്. യഥാർഥത്തിൽ മുഹമ്മദി (സ)ന്റെ ജീവൻ എപ്പോഴും അപകടത്തിലായിരുന്നു. അതിൽനിന്ന് രക്ഷപ്പെടുകയെന്നത് ഒരു അത്ഭുതദൃഷ്ടാന്തമാണ്. ഇങ്ങനെയൊക്കെയായിട്ടും മുഹമ്മദ്(സ)തന്നെ അവസാനം വിജയിച്ചു. ഗോത്രങ്ങൾ തമ്മിൽ നിലനിന്നുവന്ന സ്പർധകളും തന്റെ ജീവിതകാലത്തുതന്നെ മുഹമ്മദ്(സ)ഇല്ലാതാക്കി. നിർമതത്വം അറേബ്യൻ ജനതയ്ക്ക് ഒരു പ്രശ്നമായിരുന്നില്ല. ഇപ്പോൾ അറേബ്യൻ ജനത തങ്ങളുടെ ചരിത്രത്തിന്റെ പുതിയ കാലഘട്ടത്തിൽ പ്രവേശിക്കാൻ തയ്യാറായിരുന്നു."

(ഇസ്‌ലാമും ആവിഷ്കാരസ്വാതന്ത്ര്യവും എന്ന ഗ്രന്ഥത്തിൽ നിന്ന്. ഗ്ര.ക.ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്)

**ചന്ദ ആമിനുശേഷം തഹ്‌രീക്കെ ജദീദിന്റെ ചന്ദ ഏറ്റവുമധികം പ്രധാനപ്പെട്ടതാണ് . ചന്ദ നല്കാത്തവർ എപ്പോഴും തങ്ങളുടെ കഴിവിനെക്കാൾ കുറഞ്ഞ വാഗ്ദാനം ചെയ്യുന്നു.**

**മനുഷ്യൻ തികഞ്ഞനിലയിൽ ത്യാഗങ്ങൾ ചെയ്യുന്നില്ലെങ്കിൽ ദൈവത്തിന്റെ മലക്കുകൾ അവനിൽ ശക്തിയും കഴിവുമുണ്ടാക്കുകയില്ല.**

## തഹ്‌രീക്കെ ജദീദിന്റെ 84 – ാമത് നവവർഷത്തിന്റെ അനുഗൃഹീത വിളംബരം

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 2017 നവംബർ 3ന് ചെയ്ത തന്റെ ഖുത്ബയിൽ തഹ്‌രീക്കെ ജദീദിന്റെ 84–ാമത് നവവർഷാരംഭം വിളംബരം ചെയ്തു.

ജമാഅത്തിന്റെ ഖലീഫമാരിൽനിന്ന് പുറപ്പെടുന്ന എല്ലാ പദ്ധതികളിലുംവച്ച് തഹ്‌രീക്കെ ജദീദിന് ഒരു പ്രത്യേകത കൈവന്നിട്ടുണ്ട്. അതിനെ തഹ്‌രീക്കെ ജദീദിന്റെ സ്ഥാപകർ സയ്യിദുനാ ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ) 'ജിഹാദെ കബീർ' എന്ന് പറഞ്ഞിരിക്കുന്നു. ഇപ്രകാരംതന്നെ അതിന് മറ്റ് എല്ലാ ഐശ്ചികചന്ദകളേയും അപേക്ഷിച്ച് നിർബന്ധചന്ദയുടെ നിലയും നല്കിയിരിക്കുന്നു. ഇതിനെക്കുറിച്ച് സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

'ഞാൻ ഈ ചന്ദയെ നിർബന്ധമാക്കിയിരിക്കുന്നു. ഇതിൽ പങ്കെടുക്കുക എന്നത് ജമാഅത്തിലെ എല്ലാ പുരുഷന്മാരുടേയും സ്ത്രീകളുടേയും കടമയാണ്.' (അൽഫള്ൽ, റബ്വ, 13 ജൂലൈ 1957.)

ചന്ദ തഹ്‌രീക്കെ ജദീദിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ആദരണീയരായ ഖലീഫമാരുടെ ധാരാളം നിർദ്ദേശങ്ങൾ നിലവിലുണ്ട്. എല്ലാ ഐശ്ചിക ചന്ദകളിലുംവെച്ച് ഏറ്റവും പ്രധാനപ്പെട്ട ചന്ദ തഹ്‌രീക്കെ ജദീദിന്റേതാണ്. ഇതുസംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് പറയുന്നു:

"ചന്ദ ആമിനുശേഷം തഹ്‌രീക്കെ ജദീദിന്റെ ചന്ദ ഏറ്റവുമധികം പ്രധാനപ്പെട്ടതാണ്. ഇത് വലിയ അനുഗ്രഹങ്ങൾ വഹിക്കുന്നു. അത് ആരംഭം മുതൽത്തന്നെ ജമാഅത്തിന്റെ ധനത്യാഗങ്ങളിൽ അത്ഭുതകരമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ ത്യാഗത്തിന്റെ ഫിലോസഫി സയ്യിദുനാ ഹദ്റത്ത് ഫദ്‌ലെ ഉമർ വിവരിച്ചുകൊണ്ട്, ഇക്കാര്യത്തെ സംബന്ധിച്ച് പൂർണമായും ഉപദേശിക്കുകയുണ്ടായി, അതായത് എല്ലാ ഭാഗങ്ങളിൽനിന്നും ബജറ്റ് കർമപദത്തിൽകൊണ്ടുവന്ന് കഴിവിനനുസരിച്ച് ഏറ്റവും കൂടുതൽ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുക." (ഖുത്ബ ജുമുഅ 5-11-1993)

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: തങ്ങളുടെ വരുമാനമനുസരിച്ച് ചന്ദ എഴുതിപ്പിച്ചിട്ടില്ലാത്തവർ തങ്ങളുടെ ചന്ദകൾ അവരുടെ വരുമാനങ്ങളനുസരിച്ചാക്കാൻ ഞാൻ പറയുകയാണ്. ചന്ദ നല്കാത്തവർ എപ്പോഴും തങ്ങളുടെ കഴിവിനെക്കാൾ കുറഞ്ഞ വാഗ്ദാനമാണ് ചെയ്യുന്നത്. മനുഷ്യൻ തികഞ്ഞനിലയിൽ ത്യാഗങ്ങൾ ചെയ്യുന്നില്ലെങ്കിൽ ദൈവത്തിന്റെ മലക്കുകൾ അവനിൽ ശക്തിയും കഴിവുമുണ്ടാക്കുകയില്ല." (ഖുത്വുബ ജുമുഅ, 4-12-1953)

അതിനാൽ ഇന്ന് ലോകം മുഴുവനുമുള്ള ജമാഅത്തുകൾ തഹ്‌രീക്കെ ജദീദിന്റെ ധനപരമായ ജിഹാദിൽ അഹമഹമികയാ ത്യാഗങ്ങൾ സമർപ്പിച്ചുകൊണ്ടിരിക്കുകയാണ്. സയ്യിദുനാ ഹദ്റത്ത് അഖ്ദസ് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് നവവർഷത്തിന്റെ വാഗ്ദാനങ്ങളെടുക്കുന്നതിനും വസൂൽ ചെയ്യുന്നതിനും അഹ്മദിയ്യാ ജമാഅത്ത് ഭാരതത്തിന് പുതിയ ടാർഗറ്റ് നല്കിയിരിക്കുന്നു. അത് പൂർത്തിയാക്കുന്നതിന് എല്ലാ വാഗ്ദാനങ്ങളിലും കുറഞ്ഞത് 10% വർധന ഉണ്ടാക്കേണ്ടത് നിർബന്ധമാണ്. ജമാഅത്തംഗങ്ങളുടെ സന്നിധിയിൽ തഹ്‌രീക്കെ ജദീദിന്റെ ജിഹാദെ കബീറിൽ തങ്ങളുടെ വാർഷിക വാഗ്ദാനത്തിൽ കുറഞ്ഞത് 10% വർധനയുണ്ടാക്കാൻ അപേക്ഷിക്കുന്നു. അല്ലാഹു അവന്റെ അനുഗ്രഹത്താൽ നമുക്കെല്ലാവർക്കും നമ്മുടെ പ്രിയപ്പെട്ട ഇമാമിന്റെ നല്ല പ്രതീക്ഷകളിൽ പൂർണമായും ഇറങ്ങി പ്രവർത്തിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

വക്കീലുൽമാൽ തഹ്‌രീക്കെ ജദീദ്, ഖാദിയാൻ.

## മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് കോംപ്ലക്സിന്റെ പുനർനിർമാണത്തിന് യു.കെ യോടും ലോകം മുഴുവനുമുള്ള സമ്പന്നരായ ജമാഅത്തംഗങ്ങളോടും സാമ്പത്തിക ത്യാഗത്തിനുള്ള ആഹ്വാനം

**വാഗ്ദാനം ചെയ്യുന്ന തുക മൂന്ന് വർഷത്തിനുള്ളിൽ എന്തായാലും അടച്ചുതീർക്കാൻ ശ്രമിക്കേണ്ടതാണ്. പക്ഷേ, കുറഞ്ഞത് മൂന്നിലൊരു ഭാഗം ആദ്യവർഷംതന്നെ നിർബന്ധമായും കൊടുക്കുക.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹല്ലാഹ് 2017 നവംബർ 3ന് ചെയ്ത ഖുത്ബ ജുമുആയിൽ ജമാഅത്തംഗങ്ങളോടു ഒരു സുപ്രധാന ധനത്യാഗത്തിന് ആഹ്വാനം ചെയ്തുകൊണ്ടു പറഞ്ഞു: ഹ്രസ്വമായി മറ്റൊരു സാമ്പത്തികാഹ്വാനവും ചെയ്യാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് യു.കെ(ഡഗ)യ്ക്ക് പൊതുവായിട്ടുള്ളതാണ്. ലോകത്തിലെ സമ്പന്നർക്കുവേണ്ടിയുള്ളതാണ്. മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹിന്റെ അഗ്നിബാധയുണ്ടായ ഭാഗത്തിന്റെ പുതുനിർമാണത്തിന് വേണ്ടിയുള്ളതാണ്."

വളരെ വലിയ പദ്ധതിയാണ്......ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഈ പദ്ധതി നല്കിയപ്പോൾ അഞ്ചു മില്യൺ ആയിരുന്നു ആഹ്വാനം ചെയ്തിരുന്നത്. പിന്നീട് 5 മില്യണിന്റെ ആഹ്വാനംകൂടി അദ്ദേഹത്തിന് ചെയ്യേണ്ടിവന്നു. ഇപ്പോൾ അതിന്റെ പുനർനിർമാണത്തിനും അത്രതന്നെ ചെലവ് വരുന്നതാണ്; പതിനൊന്ന് മില്യണിനടുത്ത്. അതിന്റെ പകുതി കൈയിലുണ്ട്. ഏകദേശം പകുതിയിലേറെ ഇനി ആവശ്യമുണ്ടാകും. ഇതിനുവേണ്ടി മുമ്പേ ചെയ്തുകൊണ്ടിരുന്നതുപോലെ എന്തായാലും സഹോദരങ്ങൾ തന്നെയാണ് ത്യാഗം ചെയ്യേണ്ടത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ പറഞ്ഞു: "ആലംഗീറിന്റെ കാലഘട്ടത്തിൽ ശാഹി മസ്ജിദിന് തീ പിടിച്ചു. ജനങ്ങൾ ഓടി രാജാവിന്റെയടുക്കൽ വന്ന് മസ്ജിദിന് തീപിടിച്ചുവെന്ന് പറഞ്ഞു. ആ വാർത്തകേട്ട് രാജാവ് പെട്ടെന്ന് സുജൂദിൽ വീഴുകയും അല്ലാഹുവിന് നന്ദിപറയുകയും ചെയ്തു. മറ്റുള്ളവർ അത്ഭുതത്തോടെ ചോദിച്ചു: 'ബാദ്ശാഹെ സലാമത്ത്! നന്ദി പ്രകടിപ്പിക്കേണ്ട സമയമാണോ ഇത്. ദൈവത്തിന്റെ വീടിനാണ് തീപിടിച്ചിരിക്കുന്നത്. മുസ്‌ലിംകളുടെ മനസ്സ് കഠിനമായി വേദനിക്കുകയാണ്.' രാജാവ് പറഞ്ഞു: ഞാൻ ദീർഘകാലമായി ആലോചിക്കുകയായിരുന്നു. നെടുവീർപുകളിട്ടു കഴിയുകയായിരുന്നു. ഇത്രവലിയ മസ്ജിദ് നിർമിക്കപ്പെട്ടു. ഈ കെട്ടിടം മുഖേന ആയിരക്കണക്കിന് സൃഷ്ടികൾക്ക് ഗുണമുണ്ടാകുന്നു. ഈ നന്മയിൽ എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ലല്ലോ എന്നോർത്ത് കഴിയുകയായിരുന്നു ഞാൻ. നാലുഭാഗവും ഒരു ന്യൂനതയുമില്ലാതെ അതുപൂർണമായിരിക്കുന്നതാണ് ഞാൻ കണ്ടത്. എനിക്കും പ്രതിഫലം കിട്ടുന്നതിന് ഈ നന്മയിൽ ഞാൻ ഭാഗഭാക്കാകുമെന്ന് എനിക്ക് ചിന്തിക്കാനേ കഴിഞ്ഞിരുന്നില്ല. അങ്ങനെ ഇന്ന് അല്ലാഹു എനിക്കും പുണ്യം കരസ്ഥമാക്കാനുള്ള ഒരു വഴി തുറന്നുതന്നു. വല്ലാഹു സമീഉൻഅലിം അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാണ്."(മൽഫൂദാത്ത് വാള്യം 1 പേജ് 387, 1985 ലണ്ടൻ പതിപ്പ്).

ഞാൻ പറഞ്ഞതുപോലെ ഈ ത്യാഗത്തിൽ മുമ്പേ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ലാത്തവർ തീർച്ചയായും പങ്കെടുക്കേണ്ടതാണ്. വാഗ്ദാനം ചെയ്യുന്ന തുക മൂന്ന് വർഷത്തിനുള്ളിൽ എന്തായാലും അടച്ചുതീർക്കാൻ ശ്രമിക്കേണ്ടതാണ്. പക്ഷേ, കുറഞ്ഞത് മൂന്നിലൊരു ഭാഗം ആദ്യവർഷംതന്നെ നിർബന്ധമായും കൊടുക്കുക.

(സാമ്പത്തിക വകുപ്പ്)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**2017 ആഗസ്ത് 28(തിങ്കളാഴ്ച)**

*(തുടർച്ച)*

ഹുദൂർ രാവിലെ 5.30ന് മസ്ജിദിൽ വരിക യും സുബ്ഹി നമസ്കരിപ്പിക്കുകയും ചെയ്തു. നമസ്കാരത്തിനുശേഷം അദ്ദേഹം തന്റെ താമസസ്ഥലത്തേക്ക് പോയി. രാവിലെ ഓഫീസുപരമായ കാര്യങ്ങളിൽ മുഴുകി. പോസ്റ്റുകളും റിപ്പോർട്ടുകളും വായിക്കുകയും നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു.

**വിവിധരാജ്യങ്ങളിൽനിന്ന് വന്ന ആളുകളുമായി കൂടിക്കാഴ്ച**

ഇന്ന് പരിപാടിയനുസരിച്ച് വിവിധ രാജ്യങ്ങളിൽനിന്നുവന്ന സംഘങ്ങളുമായുള്ള കൂടിക്കാഴ്ചകളായിരുന്നു. ഹുദൂർ 10.55ന് തന്റെ ഓഫീസിലെത്തി. കൂടിക്കാഴ്ചകളുടെ പ്രോഗ്രാം ആരംഭിച്ചു.

**സ്ലോവേനിയ:(Slovenia)**

ഏറ്റവുമാദ്യം സ്ലോവേനിയായിൽനിന്നുവന്ന സംഘമാണ് കൂടിക്കാഴ്ചയ്ക്ക് ഭാഗ്യം കരസ്ഥമാക്കിയത്. സ്ലോവേനിയായിൽനിന്ന് ആറ് അംഗങ്ങളടങ്ങിയ സംഘം ജർമനി ജൽസ സാലാനയിൽ പങ്കെടുത്തിരുന്നു. ഒരു അതിഥി Mr.Gregor Sankovic, അദ്ദേഹം വക്കീലാണ്, പറയുന്നു: "ജൽസാസാലാനയുടെ പരിപാടികൾ വളരെ നന്നായിരുന്നു. ഒരുക്കങ്ങളിലെല്ലാം ഞാൻ വളരെ ആകർഷിതനാണ്." അദ്ദേഹം പറഞ്ഞു: "ഹുദൂർ അൻവറിന്റെ പല ഖുത്ബകളും സ്ലോവേനിയൻ ഭാഷകളിൽ തർജമ ചെയ്യാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എന്റെ വലിയ ആഗ്രഹമായിരുന്നു ഹുദൂർ അൻവറിനെ കാണുക എന്നത്. ജൽസ സാലാനയിൽ പങ്കെടുത്തതുകൊണ്ട് എന്റെ ആഗ്രഹം പുലർന്നു. എനിക്ക് ജൽസയിൽ ധാരാളം അഹ്മദി സുഹൃത്തുക്കളുമായി കാണാൻ അവസരം കിട്ടി. ആദ്യം ഞാൻ കുറച്ചാളുകളെ മാത്രമേ അറിയുമായിരുന്നുള്ളു. പക്ഷേ, ഇപ്പോൾ ഒരുപാട് അഹ്മദികളുമായി പരിചയപ്പെട്ടു. അഹ്മദി മുസ്ലിംകൾ വളരെ അതിഥിസൽക്കാരപ്രിയരും സ്നേഹത്തോടെ പെരുമാറുന്നവരുമാണ്."

സ്ലോവേനിയ സംഘത്തിൽ ഒരു ജേർണലിസ്റ്റ് ഉണ്ടായിരുന്നു;Urska Zagorc. അവർ ഹുദൂർ അൻവർ ചോദിച്ചപ്പോൾ, താൻ ഇക്കണോമിക് ക്രൈസസുമായി ബന്ധപ്പെട്ട ജോലിയാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് പറഞ്ഞു. അവർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "ജൽസയുടെ ഒരുക്കങ്ങളെല്ലാം വളരെ മനോഹരമായിരുന്നു. വളരെ നല്ല അന്തരീക്ഷമായിരുന്നു. ധാരാളം ആളുകൾ വിവിധ രാജ്യങ്ങളിൽനിന്ന് വന്നിട്ടുണ്ടായിരുന്നു. എല്ലാവരും ഞങ്ങളോട് ആദരവോടും ബഹുമാനത്തോടും കൂടി പെരുമാറി." ഹുദൂർ അൻവറുമായി കൂടിക്കാഴ്ച നടത്തിയതിനുശേഷം പറഞ്ഞു: ഈ കൂടിക്കാഴ്ച എത്രമാത്രം സുന്ദരമായിരുന്നുവെന്നാൽ അവിടെനിന്ന് എഴുന്നേല്ക്കാൻപോലും മനസ്സ് വന്നില്ല. കൂടുതൽ സമയം അവിടെയിരിക്കാനും ഹുദൂർ അൻവറുമായി സംസാരിക്കാനും അവസരം കിട്ടിയിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോയി."

ഒരു അതിഥി ബാർബറ നൗദാഖ് സാഹിബ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "ജൽസയുടെ ഒരുക്കങ്ങൾ നൂറുശതമാനമല്ല മറിച്ച് 500%വും തികവുറ്റതായിരുന്നു."

ഒരു അതിഥി സിറിയയുമായി ബന്ധപ്പെട്ടയാണെങ്കിലും അദ്ദേഹം സ്ലോവേനിയായിലാണ് താമസിക്കുന്നത്. അദ്ദേഹം പറഞ്ഞു: "ജൽസസാലാനയുടെ ഒരുക്കങ്ങൾ വളരെ നല്ലതായിരുന്നു. ഞങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ പഠിക്കാൻ അവസരം കിട്ടി. അത് ഞങ്ങൾ ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുന്നതായിരിക്കും. ഒരിക്കലും മറക്കുകയില്ല."

റെഡ്ക്രോസ് വകുപ്പിൽ ജോലി ചെയ്യുന്ന വക്കീൽ Mr.Gregor Sakovic അനുസരണത്തെ സംബന്ധിച്ച് ചോദിച്ചു. ഹുദൂർ അൻവർ പറഞ്ഞു: സ്റ്റേജിന്റെ പിന്നിൽ ബാനറിലും *അത്വീഉല്ലാഹ അത്വീഉർറസൂല വ ഉലിൽഅംരി മിൻകും* എന്ന് എഴുതിയിട്ടുണ്ടായിരുന്നു. വിശുദ്ധഖുർആൻ പറയുന്നു, അല്ലാഹുവിനേയും തിരുദൂതരേയും അധികാരസ്ഥരേയും അനുസരിക്കുക. അധികാരികളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഭരണാധികാരി അല്ലെങ്കിൽ ഏതെങ്കിലും ഭരണകൂടം നിങ്ങളുടെ മതകാര്യത്തിൽ കൈകടത്തുകയും നിങ്ങളെ മതപരമായ അധ്യാപനങ്ങൾ നിർവഹിക്കുന്നതിൽനിന്ന് തടയുകയുമാണെങ്കിൽ അതിൽ അനുസരണമില്ല." ഹുദൂർ അൻവർ പറഞ്ഞു: "പാക്കിസ്താനിൽ ഞങ്ങൾ കലിമ ചൊല്ലാറുണ്ട്. അസ്സലാമുഅലയ്ക്കും പറയാറുണ്ട്. നമസ്കരിക്കാറുണ്ട്. ഇക്കാര്യത്തിൽ ഞങ്ങൾ രാജ്യത്തിന്റെ നിയമത്തെ അംഗീകരിക്കുന്നില്ല. മതത്തിൽ കൈകടത്തിക്കൊണ്ടുള്ള നിയമം അനുസരിച്ച് ഞങ്ങൾ പ്രവർത്തിക്കുകയില്ല. എന്നാൽ, മറ്റുള്ള നിയമങ്ങളെ ഞങ്ങൾ ആദരിക്കുന്നു. ഭരണാധികാരിയേയും ബഹുമാനിക്കുന്നു. ഒരു നിയമമുണ്ടാക്കിക്കൊണ്ട് നബി(സ)തിരുമേനിയേയും നമസ്കാരങ്ങളിൽനിന്നും ആരാധനകളിൽനിന്നും തടഞ്ഞിരുന്നു. എന്നാൽ അവിടന്ന് അത് അംഗീകരിച്ചില്ല."

ഹുദൂർ അൻവർ പറഞ്ഞു: "പാക്കിസ്താനിൽ അസ്സലാമു അലയ്ക്കും എന്ന് പറഞ്ഞാൽ മൂന്നു വർഷം തടവ് ശിക്ഷ ലഭിക്കുന്നതാണ്. കലിമ ത്വയ്യിബ, ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ് (അല്ലാഹുവിനെ കൂടാതെ ഒരു ആരാധ്യനുമില്ല. മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാകുന്നു) എന്നു പറഞ്ഞാൽ മൂന്നുവർഷം തടവുശിക്ഷ കിട്ടും. ധാരാളം അഹ്മദികൾ ഈ ശിക്ഷ സ്വീകരിക്കുകയും ജയിലിൽ പോകുകയും ചെയ്തു. അവർ ശിക്ഷ സ്വീകരിച്ചു. തങ്ങളുടെ ഈമാനിൽനിന്ന് പിന്നോട്ടു പോയില്ല."

കത്തോലിക്കാ വിശ്വാസിയായ ഒരു വനിതാ അതിഥി അവർ ഒരു മുസ്ലിം പുരുഷനെയാണ് വിവാഹം കഴിച്ചിട്ടുള്ളത്. ഹുദൂർ അൻവർ പറഞ്ഞു:"മതത്തിന്റെ കാര്യത്തിൽ ഒരാൾ തന്റെ മതം സ്വീകരിക്കാൻ മറ്റൊരാളുടെമേൽ ഒരു ബലാൽക്കാരവും ചെയ്യാൻ പാടില്ല. മതകാര്യത്തിൽ കൈകടത്താതിരിക്കേണ്ടതാണ്. ജനിക്കുന്ന കുട്ടികൾ പിതാവിന്റെ മതത്തിലായിരിക്കും. അവരുടെ ശിക്ഷണം പിതാവിനെപോലെയായിരിക്കും." ഹുദൂർ അൻവർ പറഞ്ഞു: "മിക്ക കാര്യങ്ങളിലും കണ്ടിട്ടുള്ളത് ഭാര്യാഭർത്താക്കന്മാരുടെ മതം രണ്ടാകുമ്പോൾ കുട്ടികൾ ജനിച്ചതിനുശേഷം അവരുടെ ശിക്ഷണത്തിന്റെ സമയത്തും പ്രായമാകുമ്പോഴും പരസ്പരം അഭിപ്രായഭിന്നതകളുണ്ടാകാൻ തുടങ്ങുന്നതാണ്. അഭിപ്രായഭിന്നതകൾക്കു പകരം നോക്കേണ്ടത്, ഏത് മതത്തിലാണോ നന്മയുള്ളത് അത് സ്വീകരിക്കുക എന്നതാണ്. ഭർത്താവ് നോക്കേണ്ടത് ഭാര്യയുടെ മതമാണ്. അത് നല്ലതെങ്കിൽ അദ്ദേഹം അത് സ്വീകരിക്കുക. ഭാര്യ നോക്കേണ്ടത് തന്റെ ഭർത്താവിന്റെ മതമാണ്. അത് നല്ലതാണെങ്കിൽ അവളത് സ്വീകരിക്കുക. പക്ഷേ, പരസ്പരം ബലാൽക്കാരം ചെയ്യാൻ പാടില്ല. സ്ലോവേനിയ സംഘവുമായുള്ള ഹുദൂർ അൻവറിന്റെ ഈ കൂടിക്കാഴ്ച 11.15 വരെ നീണ്ടുനിന്നു. അവസാനം സംഘാംഗങ്ങൾ അവരവരുടെ ഊഴമനുസരിച്ച് ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി.

**സിംഗപ്പൂർ(Singapore)**

അത് കഴിഞ്ഞ് സിംഗപ്പൂരിൽ നിന്ന് വന്ന സംഘം ഹുദൂർ അൻവറുമായി കൂടിക്കാഴ്ച നടത്തി. രണ്ടുപേരടങ്ങുന്ന സംഘമാണ് ജൽസാസാലാന ജർമനിയിൽ പങ്കെടുക്കുന്നതിന് വന്നത്. സംഘത്തിലെ ഒരംഗം പറഞ്ഞു: "ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യാ മുൻ സ്വദ്റാണ്. ഹുദൂർ സിംഗപ്പൂരിൽ പര്യടനം നടത്തിയപ്പോൾ ഞാൻ സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ ആയിരുന്നു. എനിക്ക് ഹുദൂർ അൻവറിന്റെ കാർ ഡ്രൈവ് ചെയ്യാനുള്ള ഭാഗ്യവും ലഭിച്ചിരുന്നു." രണ്ടംഗങ്ങളും പറഞ്ഞു: "ഞങ്ങൾ ആദ്യമായിട്ടാണ് ജർമൻ ജൽസാസാലാനയിൽ പങ്കെടുക്കുന്നത്. എല്ലാ തരത്തിലും എല്ലാ കാര്യങ്ങളും വളരെ നന്നായി അനുഭവപ്പെട്ടു." ഹുദൂർ അൻവർ ആ രണ്ടുപേരുടേയും കുടുംബത്തെക്കുറിച്ചും കുട്ടികളെകുറിച്ചും അന്വേഷിച്ചു. താൻ സിംഗപ്പൂരിനെ ഇഷ്ടപ്പെടുന്നുവെന്ന് ഹുദൂർ അൻവർ പറഞ്ഞു. സിംഗപ്പൂർ സംഘത്തിന്റെ കൂടിക്കാഴ്ചയുടെ ഈ പരിപാടി 11.20വരെ ആയിരുന്നു. അവസാനം സംഘത്തിലെ അംഗങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി ഫോട്ടോയെടുത്തു.

**കിർഗിസ്ഥാൻ (Kyrgyzstan):**

അതിനുശേഷം പരിപാടിയനുസരിച്ച് കിർഗി

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്." (മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**

കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**

അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

സ്ഥാൻ രാജ്യത്തുനിന്നുവന്ന സംഘം ഹുദൂർ അൻവറുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. കിർഗിസ്ഥാനിൽനിന്ന് രണ്ടംഗമാണ് വന്നിരുന്നത്. അവരിൽ ഒരാൾ അവിടത്തെ ജമാഅത്തിന്റെ സ്വദ്റാണ്. രണ്ടാമത്തെയാൾ ഘാന ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥി ആശീർ അലി ഗയാഥ് ബേഗ് സാഹിബായിരുന്നു.

സ്വദ്ർ ജമാഅത്ത് സലാമത്ത് ബേഗ് കുശ്താ ബായീഫ് സാഹിബ് പറഞ്ഞു: "അദ്ദേഹം 2006-ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. അന്ന് അവിടെ ജമാഅത്തിന്റെ സ്വദ്റായിരുന്നു. അദ്ദേഹം ഹുദൂർ അൻവറിനോട് ജമാഅത്തിന്റെ രജിസ്ട്രേഷൻ നടക്കുന്നതിനുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിച്ചു." ഹുദൂർ പറഞ്ഞു: 'നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുക. ആവർത്തിച്ചാവർത്തിച്ച് അപേക്ഷ കൊടുത്തുകൊണ്ടിരിക്കുക. ഏതെങ്കിലും നേരത്ത് നല്ല ലീഡർഷിപ്പ് ഉണ്ടാകുമ്പോൾ അത് നടക്കുന്നതായിരിക്കും. പൊതുജനങ്ങളുമായുള്ള ബന്ധം വർധിപ്പിക്കുക. നിങ്ങൾ വെക്കുന്ന പരിപാടികൾക്ക് ബഡ്ജറ്റില്ലെങ്കിൽ ബഡ്ജറ്റുണ്ടാക്കുക.' സ്വദ്ർ സാഹിബ് പറഞ്ഞു: "കിർഗിസ്ഥാൻ ജമാഅത്ത് ഹുദൂറിന് സലാം പറയുന്നു." അപ്പോൾ ഹുദൂർ പറഞ്ഞു: "വ അലയ്ക്കുമുസ്സലാം.' തന്റെ സലാമും നിങ്ങളുടെ ജമാഅത്തിലുള്ളവർക്ക് എത്തിക്കാൻ ഹുദൂർ അദ്ദേഹത്തോട് പറഞ്ഞു.

ഹുദൂർ അൻവർ ഘാന ജാമിഅയിലെ വിദ്യാർഥി ആശീർ അലി ഗയാഥ് സാഹിബിനോടും സംസാരിച്ചു. പറഞ്ഞു: "താങ്കൾ വളരെ നല്ല നിലയിൽ ഉർദു ഭാഷ പഠിച്ചിരിക്കുന്നു. ഇവിടെ താങ്കളുടെ ആദ്യത്തെ ജൽസാസാലാനയാണിത്. ഇത് ഘാനയിലെ ജൽസപോലെയാണോ? അവിടെ സ്ത്രീകളും പുരുഷന്മാരും അവരവരുടെ ഭക്ഷണങ്ങളാണ് പാചകം ചെയ്യാറുള്ളത്. ഇവിടെ മറ്റൊരു വ്യവസ്ഥിതിയാണ്. ലങ്കർഖാനയിൽ പുരുഷന്മാരാണ് ഭക്ഷണം പാചകം ചെയ്യുന്നത്. അവിടെ സ്വാതന്ത്ര്യമുള്ളപ്പോൾ, ഇവിടെ ചില നിയന്ത്രണങ്ങളുണ്ട്. സൗകര്യങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് വിവിധ രീതികളിൽ ലങ്കറിന്റെ വ്യവസ്ഥിതി നടന്നുപോകുന്നു."

ഹുദൂർ അൻവർ ഘാനയിലെ ജാമിഅ അഹ്മദിയ്യായിൽ പഠിക്കുന്ന റഷ്യൻരാജ്യങ്ങളിൽനിന്നുള്ള വിദ്യാർഥികളുടെ ഭക്ഷണത്തിനുള്ള ഏർപ്പാടുകൾ എന്താണെന്ന് അന്വേഷിച്ചു. പറഞ്ഞു: 'സംബന്ധമായി ഞാൻ നിർദ്ദേശം കൊടുത്തിരുന്നു. ഇപ്പോൾ ഏർപ്പാടുകൾ മുമ്പത്തേക്കാൾ മെച്ചപ്പെട്ടതാണ്. നിങ്ങളുടെ രീതിയും ആവശ്യവുമനുസരിച്ച് ഭക്ഷണം ലഭ്യമാണ്.'

ഹുദൂർ അൻവർ പറഞ്ഞു:'അവിടത്തെ അവസ്ഥകൾ നന്നാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അപ്പോൾ ഞാൻ നിങ്ങളുടെ രാജ്യം സന്ദർശിക്കുന്നതാണ്.' കിർഗിസ്ഥാൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 11.30വരെ തുടർന്നു. അതിനുശേഷം രണ്ടുപേരും ഹുദൂർ അൻവറുമൊത്ത് ഫോട്ടോയെടുത്തു. ഹുദൂർ അൻവർ രണ്ടുപേർക്കും 'അലയ്സല്ലാഹ്' മോതിരവും പേനയും നല്കി.

**അൽബേനിയ(Albania):**

അതിനെ തുടർന്ന് അമീറുൽ മുഅ്മിനീൻ മസ്ജിദിന്റെ പുരുഷന്മാർക്കുള്ള ഹാളിൽ വന്നു. അവിടെ അൽബേനിയായിൽനിന്നുവന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഈ വർഷം അൽബേനിയായിൽനിന്ന് 48 പേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്. ഇതിൽ 19 അഹ്മദികളും അൽബേനിയൻകാരായ 29 അനഹ്മദികളുമുണ്ടായിരുന്നു. ഇവർ 43 മണിക്കൂർ ബസ്സിൽ യാത്ര ചെയ്താണ് എത്തിയത്. സർക്കാറിന്റെ രണ്ട് പ്രതിനിധിയും വന്നിരുന്നു. അവരിൽ മിസിസ്സ് ലോറീട്ട കോ ണോമി, ചെയർമാൻ ഓഫ് സ്റ്റേറ്റ് കമ്മിറ്റി ഓൺ Cults വും അതേ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്ന മിസ്റ്റർ സർവേട്ട് ഗോറയുമുണ്ടായിരുന്നു.

ഹുദൂർ അൻവർ എല്ലാവരോടും അവരുടെ സുഖവിവരം അന്വേഷിച്ചു. അതിനുശേഷം കമ്മിറ്റി ഓൺ Cults ന്റെ പ്രസിഡണ്ട് സാഹിബ ഹുദൂർ അൻവർ ചോദിച്ചപ്പോൾ അൽബേനിയായിൽ ഈ സ്ഥാപനം ഭരണകൂടത്തിന്റേയും മതപരമായ സ്ഥാപനങ്ങളുടേയും ഇടയ്ക്ക് കോ-ഓർഡിനേറ്ററിന്റെ ജോലിയാണ് ചെയ്യുന്നതെന്നും രാജ്യത്ത് മതപരമായ സഹിഷ്ണുതയെ ദൃഢതരമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുവെന്നും പറഞ്ഞു. അവർ ഹുദൂറിനോട് ചോദിച്ചു: മതപരമായ സഹിഷ്ണുതയുടെ സംസ്ഥാപനത്തിനുവേണ്ടി അഹ്മദിയ്യാ ജമാഅത്ത് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?

ഹുദൂർ പറഞ്ഞു: താങ്കൾ എന്റെ ഏതെങ്കിലും പ്രസംഗം കേൾക്കുകയാണെങ്കിൽ ഞാൻ വിവിധ സെമിനാറുകളിൽ ചെയ്തിട്ടുള്ള ഈ ചോദ്യത്തിന് ഉത്തരം ലഭിക്കുന്നതാണ്. ഞങ്ങൾ മതപരമായ സമാധാനത്തിൽ വിശ്വസിക്കുന്നവരാണ്. എല്ലാ മതങ്ങളും ഒരുമിച്ചിരുന്ന് ആശയവിനിമയം നടത്തേണ്ടതാണ്. ഞങ്ങൾ സമ്മേളനങ്ങൾ നടത്തുന്നു. അതിൽ വിവിധ മതങ്ങളിലെ പണ്ഡിതന്മാരെ ക്ഷണിക്കുന്നു. അവരെ സ്വാഗതം ചെയ്യുന്നു. അവർക്ക് ഇസ്‌ലാമിന്റെ സമാധാനപരമായ അധ്യാപനങ്ങൾ പറഞ്ഞുകൊടുക്കുന്നു. ഇത് ഞങ്ങൾ ഇന്ന് ചെയ്യുന്ന പരിശ്രമമല്ല. മറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഔദ്യോഗികമായ ഗ്രന്ഥമുണ്ട്. അത് അദ്ദേഹം ഒരു സർവ്വമതസമ്മേളനത്തിൽ പ്രസംഗിച്ചതാണ്. പിന്നീട് അവിടന്ന് ഈ പ്രസംഗം 'ഇസ്‌ലാമി ഉസ്വൂൽകി ഫലാസഫി' എന്ന ശീർഷകത്തിൽ ഗ്രന്ഥമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥം നിങ്ങൾക്ക് കേന്ദ്രത്തിൽനിന്ന് കരസ്ഥമാക്കാവുന്നതാണ്. ഞങ്ങൾ മാനുഷികമൂല്യങ്ങളിൽ വിശ്വസിക്കുന്നവരാണ്. ഇസ്‌ലാമിന്റെ പേരിൽ അത് ഞങ്ങൾ പ്രചരിപ്പിക്കുന്നു. മാനുഷികമായ മൂല്യങ്ങളില്ലെങ്കിൽ മതത്തിന്റെ ശരിയായ വർണത്തിൽ പ്രവർത്തിക്കാൻ കഴിയുകയില്ല."

അതിനുശേഷം മിസ്സിസ് കോണോമി സാഹിബ ചോദിച്ചു: ഈയ്യിടെയായി ലോകത്ത് ഭീകരപ്രവർത്തനങ്ങൾ വളരെയധികം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും യുവാക്കൾ അതിലേക്ക് ചാഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങയുടെ ജമാഅത്ത് ഈ പ്രശ്നത്തെ പരിഹരിക്കുന്നതിന് അങ്ങ് ചെയ്യുന്ന ദുആയ്ക്കു പുറമെ പ്രാവർത്തികമായി എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ഹുദൂർ പറഞ്ഞു: "ഇസ്‌ലാമിന്റെ യഥാർഥമായ സന്ദേശം അനഹ്മദി മുസ്‌ലിംകൾവരെ എത്തിക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. ഞങ്ങൾ സമാധാനസമ്മേളനങ്ങളിൽ മുസ്‌ലിംകളേയും ക്ഷണിക്കുന്നു. ഞങ്ങൾ ബലാൽക്കാരപൂർവം ആരേയും വിശ്വസിപ്പിക്കുന്നില്ല. സർക്കാർ തലത്തിൽ എന്തെങ്കിലും മോഡൽ അവതരിപ്പിക്കാൻ ഞങ്ങളുടെ കൈയിൽ ഭരണമില്ല. പക്ഷേ, ഞങ്ങളുടെ കഴിവുകളും മാധ്യമമാർഗങ്ങളും അനുസരിച്ച് ഈ പ്രശ്നത്തിന്റെ സത്യാവസ്ഥ മുസ്‌ലിംകൾക്ക് മനസ്സിലാക്കികൊടുക്കാൻ ശ്രമിക്കുന്നു. ഇതിനുപുറമെ ഞങ്ങൾ ഞങ്ങളുടെ ജമാഅത്തിലും ശരിയായ ഇസ്‌ലാമിക അധ്യാപനം നടപ്പിൽ വരുത്തുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഒരു അഹ്മദി യുവാവും ഭീകരവാദം സ്വീകരിക്കുന്നില്ലെന്ന് നിങ്ങൾക്ക് കാണാൻ കഴിയുന്നതാണ്." അതിനുശേഷം അവർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ ഹുദൂർ അൻവറിന്റെ ലജ്നയുടെ പന്തലിൽ നടന്ന പ്രസംഗം കേൾക്കുകയുണ്ടായി; സമാപനപ്രഭാഷണവും. ഞാൻ ഹുദൂറിന്റെ സമാപനപ്രഭാഷണത്തിൽ വളരെ ആകൃഷ്ടയായി. ഇന്ന് ലോകത്ത് നാലു ഭാഗത്തും യുദ്ധത്തിന്റേയും കലാപത്തിന്റേയും സംസാരം നടന്നുകൊണ്ടിരിക്കുമ്പോൾ ഇത്രമാത്രം ശക്തവും സ്ഥൈര്യവുമായ രീതിയിൽ സമാധാനസന്ദേശത്തെ പ്രചരിപ്പിക്കുക എന്നത് തീർച്ചയായും അനുമോദനാർഹമാണ്. ഒരു സ്ത്രീക്ക് ഏറ്റവും കൂടുതൽ തന്റെ കുട്ടികളുടെ ശിക്ഷണത്തെ സംബന്ധിച്ച് ചിന്തയുണ്ടാകണമെന്ന് ഹുദൂർ പറഞ്ഞ കാര്യം എനിക്ക് ഏറെ ഇഷ്ടപ്പെട്ടു."

Rexhep Doka സാഹിബ് അൽബേനിയായിലെ ഒരു അനഹ്മദി മസ്ജിദിലെ ഇമാമാണ്. അദ്ദേഹം കൂടിക്കാഴ്ചാവേളയിൽ തന്റെ അഭിപ്രായം വെളിപ്പെടുത്തി: '41,000ൽപരം ആളുകൾ 3 ദിവസത്തേക്ക് ഇവിടെ സംഘടിച്ചിരിക്കുന്നു. ഒരുതരത്തിലുള്ള വിഷമങ്ങളുമില്ല. ഇത് തീർച്ചയായും പ്രശംസാർഹമാണ്." ഹുദൂർ അൻവർ അദ്ദേഹത്തോട് ചോദിച്ചു: നിങ്ങളുടെ മസ്ജിദിൽ ഇത്തരത്തിലുള്ള ജൽസ നടക്കാറുണ്ടോ? അദ്ദേഹം പറഞ്ഞു: ഇത്രയും അംഗങ്ങൾ പങ്കെടുക്കാറില്ല. ഇത്ര സംഘടിതമായ നിലയിലും നടക്കാറില്ല.

അൽബേനിയായിൽനിന്നു വന്ന ഒരു അതിഥി Dalip Gjergji സാഹിബ് കഴിഞ്ഞവർഷവും ജർമനി ജൽസയിൽ പങ്കെടുത്തയാളാണ്. ഹുദൂർ അൻവർ കഴിഞ്ഞവർഷത്തേയും ഈ വർഷത്തേയും ജൽസകൾ തമ്മിലുള്ള വ്യത്യാസം ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'രണ്ടുപ്രാവശ്യവും എന്നെ ജൽസ വളരെയേറെ ആകർഷിച്ചിരുന്നു. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ എന്റെയുള്ളിൽ വളരെ വ്യക്തമായ മാറ്റമുണ്ടാക്കി.' അക്കാരണത്താൽ അദ്ദേഹം ജൽസയുടെ അവസാനദിവസം ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്ത് സ്വീകരിച്ചു. കഴിഞ്ഞവർഷം ബയ്അത്ത് ചെയ്ത അദ്ദേഹത്തിന്റെ മകൻ കൂടിക്കാഴ്ചാവസരത്തിൽ ഉണ്ടായിരുന്നു. ഹുദൂർ അൻവർ അവർക്കുവേണ്ടി ദുആ ചെയ്തു.

അതിനുശേഷം Rexhep Doka സാഹിബ് ഹുദൂറിനോടു ചോദിച്ചു: ഇമാം മഹ്ദി വരി

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**

**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**

**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

കയും കുറച്ചുവർഷം ലോകത്ത് താമസിക്കുകയും അതിനുശേഷം ഖിയാമത്തു വരികയും ചെയ്യുമെന്നാണല്ലോ പ്രവചനങ്ങളിൽ എഴുതിയിരിക്കുന്നത്? പക്ഷേ, നിങ്ങൾ വിശ്വസിക്കുന്നത് ഇമാം മഹ്ദി വന്നുകഴിഞ്ഞുവെന്നാണ്. അപ്പോൾ ഇതുവരെ ഖിയാമത്ത് വരാത്തതെന്തുകൊണ്ടാണ്?

ഇതിന്റെ മറുപടിയിൽ ഹുദൂർ അൻവർ പറഞ്ഞു: ഖിയാമത്ത് എപ്പോഴാണ് വരുന്നതെന്നതിനെ സംബന്ധിച്ചുള്ള വ്യക്തമായ അറിവ് നബി(സ) തിരുമേനിതന്നെയും പറഞ്ഞിട്ടില്ല. തനിക്ക് കുറച്ച് അടയാളങ്ങൾ മാത്രമേ പറയാൻ കഴിയുകയുള്ളൂ എന്നാണ് അവിടന്ന് പറഞ്ഞത്. ഇതുപോലെതന്നെ ഇമാം മഹ്ദി ഖിയാമത്തിന്റെ തൊട്ടടുത്തു വരികയാണെങ്കിൽ അദ്ദേഹം ഇവിടെ എന്തു ജോലി ചെയ്യാനാണ്? അദ്ദേഹം അൽബേനിയായിൽ വരുമ്പോൾ അവിടത്തെ ആളുകളോട് തനിക്ക് അധികം സമയമില്ല, ഉടനെ തനിക്ക് ആഫ്രിക്കൻ വനങ്ങളിൽ വസിക്കുന്ന ആളുകളുടെയടുക്കൽ പോകണമെന്ന് പറയും! പിന്നീട് തനിക്ക് കുരിശുകൾ ഉടയ്ക്കണമെന്നും പന്നികളെ കൊല്ലണമെന്നും വാഗ്ദത്ത മസീഹ് പറയും! ഇപ്പോൾ ജർമനിയിൽത്തന്നെ എത്ര പന്നി വളർത്തുകേന്ദ്രങ്ങളാണുള്ളത്. അതിൽ ആയിരിക്കും അദ്ദേഹത്തിന്റെ സമയം മുഴുവനും ചെലവഴിക്കുക. ഇങ്ങനെ ഖിയാമത്തിന്റെ അടുത്തു അദ്ദേഹം വന്നിട്ട് എന്ത് ചെയ്യാനാണ്? മറുഭാഗത്ത് നിങ്ങൾ ലോകത്തിന്റെ അവസ്ഥ നോക്കുക. അവർ ധാർമികാടിസ്ഥാനത്തിൽ എത്രമാത്രം മോശമായിരിക്കുന്നു. ഇത്രമാത്രം കുറഞ്ഞസമയത്തിനുവേണ്ടി ഇമാം മഹ്ദി വന്നിട്ട് എന്ത് പണിയാണ് എടുക്കേണ്ടത്? പുനരുത്ഥാനനാളിൽ എന്തുകൊണ്ട് വിശ്വസിച്ചില്ല എന്ന് ജനങ്ങളോട് അല്ലാഹു ചോദിക്കുമ്പോൾ തങ്ങളുടെയടുക്കൽ ഇമാം മഹ്ദി വന്നിരുന്നില്ലെന്ന് ജനങ്ങൾ പറയും.

ഹുദൂർ അൻവർ പറഞ്ഞു: വിശുദ്ധഖുർആനിലെ തക്‌വീർ എന്ന അധ്യായത്തിലും ഇമാം മഹ്ദി വരുന്നതിന്റെ അടയാളങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഇപ്രകാരംതന്നെ നബി(സ)തിരുമേനിയും പല അടയാളങ്ങളും ഖിയാമത്തിന്റേതായി വിവരിച്ചിട്ടുണ്ട്. ഇതെല്ലാം വായിച്ചുനോക്കേണ്ടതാണ്. ബുദ്ധിയുടെ വെളിച്ചത്തിൽ പരിശോധിക്കേണ്ടതാണ്. ദജ്ജാലിനേയും ദജ്ജാലിന്റെ കഴുതയേയും കുറിച്ചുള്ള പ്രവചനമുണ്ട്. സൂര്യനും ചന്ദ്രനും റമളാൻ മാസത്തിൽ നിശ്ചിത തിയ്യതികളിൽ ഗ്രഹണമുണ്ടാകുമെന്നുള്ള പ്രവചനമുണ്ട്. അതിനെക്കുറിച്ച് ഞാൻ ജൽസയിലും പറഞ്ഞിരുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഇത് പുലരുകയുണ്ടായെന്നും ഈ വാർത്ത അക്കാലത്തെ പാശ്ചാത്യപൗരസ്ത്യ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഞാൻ പറഞ്ഞിരുന്നു.

ഹുദൂർ അൻവർ പറഞ്ഞു: ലോകം അഭിവൃദ്ധിപ്പെട്ടുകഴിഞ്ഞിരിക്കുമ്പോഴായിരിക്കും ഇമാം മഹ്ദിവെളിപ്പെടുക എന്നതും നോക്കേണ്ടതുണ്ട്. അറിവ് വ്യാപിച്ചു കഴിഞ്ഞിട്ടുണ്ടാകും. ബുദ്ധിയുടെ വെളിച്ചത്തിൽ താരതമ്യം ചെയ്യാനുള്ള കഴിവ് ജനങ്ങളിൽ വർധിച്ചിട്ടുണ്ടാകും. ഇമാം മഹ്ദിയെ സംബന്ധിച്ചുള്ള പ്രവചനങ്ങളെ വാക്ക് വാക്കോടെ എടുക്കാൻപാടില്ല. മറിച്ച്, അറിവും ബുദ്ധിയും ഉപയോഗിച്ചുകൊണ്ട് ആ ആലങ്കാരിക കാര്യങ്ങളിലുള്ള യാഥാർഥ്യത്തെ തിരിച്ചറിയേണ്ടതാണ്. നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ ജനങ്ങളുടെ അറിവ് ഇത്രമാത്രം വിപുലമായിരുന്നില്ല. അതുകൊണ്ട് ഈ പ്രവചനങ്ങളെ ആലങ്കാരികമായ രൂപത്തിൽത്തന്നെ വിവരിക്കാൻ കഴിയുമായിരുന്നു.

ഇതിനുശേഷം ഒരു മുസ്‌ലിം യുവാവ് മാറൽ ഗ്ലീൻ ബേജ –അദ്ദേഹത്തെ നമ്മൾ തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുകയാണ്, ചോദിച്ചു: ഇമാം മഹ്ദി ഖിയാമത്തിന് 40 വർഷം മുമ്പേ വരും. അങ്ങനെ വരുമ്പോൾ ദൂരദൂരെയുള്ള രാജ്യങ്ങളിൽ വസിക്കുന്നവർക്ക് അദ്ദേഹം വന്ന വിവരം എങ്ങനെയാണ് അറിയാൻ കഴിയുക? പക്ഷേ, നബി(സ)തിരുമേനി വരികയും അൽബേനിയായിൽ താമസിക്കുന്ന ഞങ്ങളിന്ന് അദ്ദേഹത്തെ വിശ്വസിക്കുകയും ചെയ്തു.

ഹുദൂർ പറഞ്ഞു: 'ഇതുതന്നെയാണല്ലോ ഞാൻ പറഞ്ഞത്. നബി(സ) തിരുമേനി വന്നിട്ട് 1400 വർഷം കഴിഞ്ഞു. ഇപ്പോഴും ഖിയാമത്ത് വന്നിട്ടില്ല. അതുകൊണ്ട് നിങ്ങൾക്ക് നബി(സ) തിരുമേനിയെക്കുറിച്ച് അറിവുണ്ടായി. എങ്കിലും ഇന്നും ലോകത്ത് ദൂരദൂരെയുള്ള പ്രദേശങ്ങളിൽ ആഫ്രിക്കയിലും മറ്റു വൻകരകളിലുമുള്ള ആളുകൾവരെ നബി(സ) യുടെ സന്ദേശം ഒട്ടും എത്തിയിട്ടില്ല. അവർക്ക് ഇസ്‌ലാമിനെക്കുറിച്ച് ഒന്നും അറിയില്ല. 14 നൂറ്റാണ്ട് വളരെ ദീർഘമായ കാലയളവാണ്. ഇമാം മഹ്ദിയെക്കുറിച്ച് താങ്കൾ പറഞ്ഞുകൊണ്ടിരിക്കുന്നത് അദ്ദേഹം വന്നാൽ 40 വർഷത്തിനുശേഷം ഖിയാമത്ത് വരുമെന്നാണ്. ഇപ്രകാരം അദ്ദേഹത്തിന് ഇസ്‌ലാമിന്റെ പ്രചാരണത്തിന് സമയംതന്നെ കിട്ടുകയില്ല. ഇതുപോലെതന്നെ ഇക്കാര്യവും മനസ്സിലാക്കേണ്ടതാണ്. ഇമാം മഹ്ദിയും മസീഹ് മൗഊദും വിവിധ വ്യക്തികളല്ല. മറിച്ച് ഒരേയൊരാളുടെ രണ്ട് പേരുകളാണ്.' അതിനുശേഷം ഹുദൂർ അൻവർ സംഘത്തിലുണ്ടായിരുന്ന ഒരു സുഹൃത്ത് ഫേർട്ട് ബക്സിനോടു ചോദിച്ചു: താങ്കൾ ആദ്യമായിട്ടാണോ ജൽസയിൽ വന്നത്? അദ്ദേഹം പറഞ്ഞു അതെ, ആദ്യമായിട്ടാണ്. അദ്ദേഹം ജൽസാസാലാനയുടെ ഒരുക്കങ്ങളെ സ്തുതിച്ചുകൊണ്ട് ഹുദൂർ അൻവറിനും ജമാഅത്തിനും നന്ദി പറഞ്ഞു. ഹുദൂർ അൻവറിന് മുഖാമുഖം ഇരിക്കുന്നത് തനിക്ക് വളരെ വലിയൊരു ബഹുമതിയാണെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം പറഞ്ഞു: എനിക്ക് ദീനിനെ കുറിച്ച് അധികം അറിവൊന്നുമില്ല. എനിക്ക് മുമ്പേ രണ്ട് സുഹൃത്തുക്കൾ പൂർവകാലത്തെക്കുറിച്ച് ചോദിക്കുകയുണ്ടായി. എനിക്കറിയാനുള്ളത് ഭാവികാലത്തെക്കുറിച്ചാണ്. ഹുദൂർ പറഞ്ഞു: ഇമാം മഹ്ദിയുടേയും മസീഹ് മൗഊദിന്റേയും വരവ് യഥാർഥത്തിൽ ഇസ്‌ലാമിന്റെ ഭാവിക്കുവേണ്ടിയാണ്. ഭൗതികമായ അഭിവൃദ്ധിയോടൊപ്പം യഥാർഥമായ ഇസ്‌ലാമിന്റെ സന്ദേശം മുഴുലോകത്തും പരക്കേണ്ടതുണ്ട്. ഇപ്പോൾ ഇമാം മഹ്ദി മുഖേന അതായത് അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇസ്‌ലാം ലോകത്തിന്റെ അറ്റങ്ങളോളം എത്തുന്നതായിരിക്കും. ലോകത്തിന്റെ വിദൂര പ്രദേശങ്ങളിലും ആളുകൾ ഇസ്‌ലാം അഹ്മദിയ്യത്ത് സ്വീകരിച്ചിരിക്കുന്നു. ഇവരിൽ ക്രിസ്ത്യാനികളും മറ്റു മതാനുയായികളുമുണ്ട്.

കൂടിക്കാഴ്ചയുടെ അവസാനത്തിൽ ഹുദൂർ അൻവർ പുരുഷന്മാർക്ക് ഹസ്തദാനം ചെയ്തു. എല്ലാ അംഗങ്ങളും ഫോട്ടോയെടുക്കുകയും ചെയ്തു. ഫോട്ടോയെടുക്കുന്ന സമയത്ത് ഹുദൂർ അൻവർ ഞലഃവലു ഊീസമസാഹിബിനോട് പറഞ്ഞു: 'താങ്കൾ ഒരു മസ്ജിദിന്റെ ഇമാമാണ്. മസ്ജിദിൽ വരുന്നവർക്ക് ജനങ്ങളോടൊത്ത് എങ്ങനെയാണ് സമാധാനത്തോടെ ജീവിക്കേണ്ടതെന്നും മാനുഷികമായ മൂല്യങ്ങൾ എങ്ങനെ സ്ഥാപിക്കാൻ കഴിയുമെന്നുമുള്ള അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ച് പ്രത്യേകിച്ചും പറഞ്ഞുകൊടുക്കുക.'

സംഘത്തിലെ മറ്റൊരു അംഗമായ Kadrie Shparthi സാഹിബായെ സംബന്ധിച്ച് അൽബേനിയായിലെ മുബല്ലിഗ് അവർക്ക് കാൻസറാണെന്ന് പറഞ്ഞു. ഹുദൂർ അൻവറിനോട് ദുആയ്ക്ക് അപേക്ഷിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: 'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

ഒരു കുട്ടി ഗീരി കോസ്തോരിയെ സംബന്ധിച്ച് അവന് സംസാരിക്കാൻ കഴിയില്ലെന്ന് മുബല്ലിഗ് പറഞ്ഞു. ഹുദൂർ അൻവർ കുട്ടിയുടെ കവിളിൽ കൈ തടവിക്കൊണ്ട് അവനുവേണ്ടി ദുആ ചെയ്തു. സംഘത്തിലുണ്ടായിരുന്ന മറ്റൊരു കുട്ടി ഫ്ലോഗർട്ട് രാമാജിനെ സംബന്ധിച്ച് അവന് വിക്കുണ്ടെന്ന് മുബല്ലിഗ് പറഞ്ഞു. ഹുദൂർ അൻവർ ആ കുട്ടിക്കുവേണ്ടിയും ദുആ ചെയ്തു.

കൂടിക്കാഴ്ചയ്ക്കിടയിൽ ഒരു പെൺകുട്ടി ഹാലാ അഹ്മദ് ഹുദൂർ അൻവറിന്റെയടുക്കൽ വന്നു. ഹുദൂറിന്റെ കാൽചുവട്ടിൽ ഇരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഹുദൂർ അൻവർ വാത്സല്യത്തോടെ ആ പെൺകുട്ടിക്ക് അനുവാദം നല്കി. അങ്ങനെ കൂടിക്കാഴ്ചാവേളയിൽ ഈ പെൺകുട്ടി അവിടെതന്നെയിരുന്നു.

ഈ കൂടിക്കാഴ്ച 12.10വരെ തുടർന്നു. അവസാനം സംഘത്തിലെ ഓരോരുത്തരും ഹുദൂർ അൻവറുമായി പ്രത്യേകം പ്രത്യേകം ഫോട്ടോയെടുത്തു. ഹുദൂർ അൻവർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകൾ നല്കുകയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റ് കൊടുക്കുകയും ചെയ്തു.

## 123–ാമത്
## ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുതആല ബിനസ്രിഹിൽ അസീസ് 123–ാമത് ജൽസ സാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തു കൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ് (നാളിർ ഇസ്‌ലാഹ് -ഒ -ഇർശാദ് മർക്കസിയ്യ ഖാദിയാൻ)

## കലാമുൽ ഇമാം:–

"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."
(മൽഫൂദാത്ത്, വാല്യം 5, പേജ് 96).

**ത്വാലിബെ ദുആ:**
റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)

## കലാമുൽ ഇമാം:–

"ആരെയെണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."
(മൽഫൂദാത്ത്, വാല്യം 5, പേജ് 104)

**ത്വാലിബെ ദുആ:**
പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)

EDITOR
H.Shamsuddin
Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ · The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 14 December 2017 Issue-50

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

# നബി(സ)തിരുമേനിയെക്കുറിച്ച് അന്യരുടെ വിശ്വാസഭക്തി

(തുടർച്ച)

വീണ്ടും എഴുതുന്നു: "അദ്ദേഹം ആ സദ്ഗുണസമ്പന്നയോടൊത്ത് അങ്ങേയറ്റം സ്നേഹത്തോടും സമാധാനത്തോടും ജീവിച്ചു. അദ്ദേഹം ഖദീജ(റ)യെ അകമഴിഞ്ഞ് സ്നേഹിച്ചിരുന്നു; അദ്ദേഹം അവരുടേത് മാത്രമായിരുന്നു. അദ്ദേഹത്തെ വ്യാജപ്രവാചകൻ എന്നു പറയുന്നതിൽ ഈ യാഥാർത്ഥ്യം തടസ്സമാണ്; അതായത് അദ്ദേഹം ജീവിതത്തിന്റെ ഈ കാലഘട്ടം ആക്ഷേപങ്ങളൊന്നും ഉന്നയിക്കാൻ പറ്റാത്തവിധം വളരെ സൂക്ഷ്മതയോടെയാണ് കഴിച്ചുകൂട്ടിയത്. ഇക്കാലഘട്ടം അങ്ങേയറ്റം ലളിതവും സമാധാനനിർഭരവുമായിരുന്നു; അങ്ങനെ അദ്ദേഹത്തിന്റെ യുവത്വനാളുകൾ കഴിഞ്ഞുപോയി."

(Thomas Carlyle. On Heroes, Hero-Worship and the Heroic in History Wiley and Putnam., NY.p.48 (1846))

സർ തോമസ് കാർലയ്ൻ (Thomas Carlyle) പറയുന്നു: "ക്രിസ്ത്യാനികളായ നമ്മളിൽ മുഹമ്മദ്(സ) ഒരു തന്ത്രജ്ഞനും സാധാരണ മനുഷ്യനും കള്ള പ്രവാചകനുമാണ്. അദ്ദേഹത്തിന്റെ മതം ഭ്രാന്തത്വത്തിന്റേയും മൂഢകാര്യങ്ങളുടേയും കൂമ്പാരമാണ്. ഇതെല്ലാം ഇപ്പോൾ തെറ്റാണെന്ന് ജനങ്ങളുടെ മുമ്പിൽ തെളിഞ്ഞുകൊണ്ടിരിക്കുന്നു." അദ്ദേഹം പറയുന്നു: "മതമൗലികവാദികളായ ക്രിസ്ത്യാനികൾ ഈ മനുഷ്യനെ സംബന്ധിച്ച് എന്തെന്തെല്ലാം കളവുകൾ ഉണ്ടാക്കി പറഞ്ഞിരുന്നുവോ അതെല്ലാം ഖണ്ഡിതമായും ഇപ്പോൾ നമ്മുടെ അപമാനത്തിന് കാരണമായിക്കൊണ്ടിരിക്കുന്നു. ഏതൊരുകാര്യങ്ങളാണോ ആ മനുഷ്യൻ പറഞ്ഞിരുന്നത് അതുമുഖേന 12 നൂറ്റാണ്ടുകളായി 18 കോടി മനുഷ്യർ സന്മാർഗത്തിന്റെ മേൽത്തട്ടിൽ നിലകൊള്ളുന്നു. ഇക്കാലത്ത് എത്രമാത്രം ആളുകൾ മുഹമ്മദിൽ(സ)വിശ്വസിക്കുന്നുണ്ടോ അതിനെക്കാൾ കൂടുതൽ ഒരു ഗ്രന്ഥത്തിലും ഇക്കാലത്തെ ജനങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ നോട്ടത്തിൽ ഒരു വ്യാജമനുഷ്യനാണ് ഈ മതം പ്രചരിപ്പിച്ചതെന്ന ധാരണയെക്കാൾ നിന്ദ്യവും നിരീശ്വരവാദപരവുമായ മറ്റൊരു ധാരണ ഇല്ലതന്നെ."

(Thomas Carlyle. On Heroes, Hero-Worship and the Heroic in History Wiley and Putnam., NY.p.60-1 (1846)

ഒരു ഫ്രഞ്ച് തത്ത്വചിന്തകനായ ലാമാർട്ടിൻ (Lamartin) തന്റെ ഗ്രന്ഥമായ ഹിസ്റ്ററി ഓഫ് ടർക്കിയിൽ (History of Turkey) എഴുതുന്നു: "ഏതെങ്കിലും വ്യക്തിയുടെ കഴിവിനെ ഉരച്ചു നോക്കാൻ മൂന്നു മാനദണ്ഡങ്ങൾ നിശ്ചയിക്കുകയാണെങ്കിൽ -അതായത് ആ വ്യക്തിയുടെ ലക്ഷ്യം എത്രമാത്രം ഉയർന്നതാണ്, ആ ലക്ഷ്യം നേടാൻ അയാളുടെ കൈയിലുള്ള മാർഗങ്ങൾ എത്രമാത്രം പരിമിതമാണ്, അതിന്റെ ഫലങ്ങൾ എത്രമാത്രം മഹത്തരമാണ്- ഇന്ന് ഇക്കാര്യത്തിൽ മുഹമ്മദി(സ)നെ നേരിടാൻ നെഞ്ഞൂക്കുള്ള ഏതു മനുഷ്യനെയാണ് കിട്ടുക? ലോകത്തിലെ വിശ്വവിഖ്യാതരായ വ്യക്തികൾ കുറേ സൈന്യങ്ങളേയും നിയമങ്ങളേയും ഭരണകൂടങ്ങളേയുമാണ് കീഴടക്കിയത്. അവർ കേവലം ഭൗതികഭരണകൂടമാണ് സ്ഥാപിച്ചത്. അവരിലും ചില ശക്തികൾ അവരുടെ കൺമുമ്പിൽ പൊട്ടിതകർന്ന് തവിടുപൊടിയായി. എന്നാൽ, മുഹമ്മദു(സ) ലോകത്തിലെ സൈന്യങ്ങൾ, നിയമങ്ങൾ, ഭരണകൂടങ്ങൾ, വിവിധ ജനതകൾ, വംശങ്ങൾ എന്നല്ല, ലോകത്തെ മൊത്തം ജനസംഖ്യയിൽ മൂന്നിലൊരുവിഭാഗത്തെ തന്റെ കീഴിൽ ഒരുമിച്ചുകൂട്ടി. അതിനു പുറമെ അദ്ദേഹം ബലിപീഠങ്ങൾ, ദൈവങ്ങൾ, മതങ്ങൾ, വിശ്വാസദർശനങ്ങൾ, ആത്മാക്കൾ തുടങ്ങിയവയെ എല്ലാം നവീകരിച്ചു. മുഹമ്മദു(സ)ന്റെ അടിത്തറ വെറുമൊരു ഗ്രന്ഥമായിരുന്നു. അതിന്റെ ഓരോ അക്ഷരവും നിയമമായിമാറി. ആ വ്യക്തി ആത്മീയമായ വ്യക്തിത്വം നല്കി ഓരോ ഭാഷക്കാരേയും വംശക്കാരേയും അനുഗ്രഹിച്ചു."

വീണ്ടും എഴുതുന്നു: "മുഹമ്മദ്(സ) ഒരു തത്ത്വജ്ഞൻ, പ്രഭാഷകൻ, പ്രവാചകൻ, നിയമജ്ഞൻ, യോധാവ്, ചിന്തകളെ അതിജയിക്കുന്നവൻ, ബുദ്ധിപരമായ വിദ്യകളെ നവീകരിക്കുന്നവൻ, എന്നതിനെക്കാളൊക്കെ ഉപരി നിരവധി ഭൗതികഭരണകൂടങ്ങളേയും ആത്മീയഭരണകൂടങ്ങളേയും സ്ഥാപിക്കുന്ന വ്യക്തിയുമായിരുന്നു. മാനുഷികമായ മഹത്വത്തെ ഉരച്ചുനോക്കാൻ ഒരു മാനദണ്ഡം നിശ്ചയിക്കുകയാണെങ്കിൽ മുഹമ്മദ്(സ)നെക്കാളുപരി ഏതെങ്കിലും മറ്റൊരു മഹത് വ്യക്തി ജനിച്ചിട്ടുണ്ടോ?"

(A. De Lamartin. History of Turkey (English Translation). D . Appleton & Co., NY. p.154-155(1855-7))

ജോൺ ഡേവൻ പോർട്ട് (John Davenport) എഴുതുന്നു: "ഏതൊരു വ്യക്തിയാണോ ഹീനവും നിന്ദ്യവുമായ ബിംബാരധനയ്ക്കു പകരം- അതിൽ അദ്ദേഹത്തിന്റെ ദേശവാസികൾ അതായത് അറബികൾ അകപ്പെട്ടിരുന്നു- യഥാർഥ ദൈവത്തിനുവേണ്ടിയുള്ള ആരാധന സ്ഥാപിച്ച് വലുതും എപ്പോഴും നിലനില്ക്കുന്നതുമായ സംസ്കരണം നടത്തിയത് അദ്ദേഹം കള്ളപ്രവാചകനായിരുന്നുവെന്ന് ആർക്കെങ്കിലും വിശ്വസിക്കാൻ കഴിയുമോ? നമുക്ക് ഈ അത്യുത്സാഹിയായ പരിഷ്കർത്താവിനെ വഞ്ചകനാക്കാൻ കഴിയുമോ? അത്തരം വ്യക്തിയുടെ എല്ലാ പ്രവർത്തനങ്ങളും ചതിയായിരുന്നുവെന്ന് പറയാൻ പറ്റുമോ? ഇല്ല, അങ്ങനെ ഒരിക്കലും പറയാൻ കഴിയില്ല. മുഹമ്മദ്(സ)ന് സദുദ്ദേശ്യവും വിശ്വസ്തതയും കൂടാതെ മറ്റെന്തെങ്കിലും കാരണത്താൽ അത്തരം സ്ഥൈര്യത്തോടുകൂടി വെളിപാട് ഇറങ്ങിത്തുടങ്ങിയതുമുതൽ അവസാന ശ്വാസംവരെ ഉറച്ചു നില്ക്കാൻ സാധിക്കുമായിരുന്നില്ല. അദ്ദേഹത്തിനോടൊപ്പം സ്ഥിരമായിട്ടുണ്ടായിരുന്ന ഒരാൾക്കും -അവരാണെങ്കിൽ അദ്ദേഹവുമായിട്ട് സുദൃഢബന്ധം പുലർത്തിയിരുന്നവരാണ്- അദ്ദേഹം കപടനാണെന്നുള്ള സംശയം ഒരിക്കലും ഉണ്ടായിട്ടില്ല."

(John Davenport. An Apology for Mohammed and the Koran J.Davy & Sons., London. p. 139 (1869))

വീണ്ടും എഴുതുന്നു: "പാശ്ചാത്യരാജാക്കന്മാർ മുസ്ലിം മുജാഹിദുകളുടേയും തുർക്കികളുടേയും സ്ഥാനത്ത് ഏഷ്യയിലെ ഭരണാധികാരികളായിരുന്നെങ്കിൽ മുസ്ലീംകൾ ക്രിസ്ത്യാനികളോടു പെരുമാറിയിരുന്നതുപോലെ മുസ്ലീംകളോടു സഹിഷ്ണുതയോടെ പെരുമാറുമായിരുന്നില്ല. ഇത് ദൃഢവിശ്വാസത്തോടും തികഞ്ഞ സത്യസന്ധതയോടുംകൂടി പറയാൻ കഴിയും. കാരണം ക്രിസ്ത്യാനികൾ മതപരമായ അഭിപ്രായവ്യത്യാസമുള്ള തങ്ങളുടെ ഈ സഹമതത്തെ അങ്ങേയറ്റം ഏകപക്ഷീയവും അന്യായവുമായ അക്രമത്തിന് കുറിമാനമാക്കുകയുണ്ടായി."(പേജ് 82)

ജോൺ ഡേവൻപോർട്ട് വീണ്ടും എഴുതുന്നു: "ന്യായാധിപന്മാരുടേയും ലോകത്ത് വിജയശ്രീലാളിതരായവരുടേയും ജീവചരിത്രങ്ങളിൽ മുഹമ്മദ്(സ)ന്റെ ജീവചരിത്രത്തെക്കാൾ കൂടുതൽ വിശദവും സത്യസന്ധവുമായിട്ടുള്ള ഒരു ജീവചരിത്രവും ഇല്ലെന്ന കാര്യത്തിൽ ഒരു സംശയവുമില്ല." (പേജ് 82)

മൈക്കിൾ എച്ച് ഹാർട്ട് (Michael H. Hart)ഏ റാങ്കിംഗ് ഓഫ് ദ മോസ്റ്റ് ഇൻഫ്ളുവൻഷ്യൽ പേഴ്സൺസ് ഇൻ ഹിസ്റ്ററി (A Ranking of the Most Influential Persons in History) എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു: "ലോകത്ത് സ്വാധീനം ചെലുത്തിയ വ്യക്തികളിൽ മുഹമ്മദ്(സ)ന്റെ നാമം ഒന്നാം സ്ഥാനത്ത് തിരഞ്ഞെടുക്കുക എന്നത് ചില വായനക്കാരെ അത്ഭുതപ്പെടുത്തുകയും ചിലർ അതിനെ ചോദ്യം ചെയ്യുകയും ചെയ്തേക്കാം. പക്ഷേ, ചരിത്രത്തിൽ മതപരമായും ലൗകികപരമായും വിജയിയായിത്തീർന്ന ഒരേയൊരു വ്യക്തി അദ്ദേഹം മാത്രമായിരുന്നു."

(A Michael H. Hart. THE 100: A RANKING OF THE MOST INFLUENTIAL PERSONS IN HISTORY. Carol publishing group., p.3.)

"മനുഷ്യചരിത്രത്തിൽ മുഹമ്മദ്(സ) എങ്ങനെയാണ് സ്വാധീനം ചെലുത്തിയതെന്നുള്ള ചോദ്യത്തെ ഒരാൾക്ക് എങ്ങനെയാണ് വിലയിരുത്താൻ കഴിയുക. മറ്റു മതങ്ങളെപ്പോലെ ഇസലാമും അതിന്റെ അനുയായികളുടെ ജീവിതങ്ങളിൽ അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇക്കാരണത്താലാണ് ലോകത്ത് കാണുന്ന വലിയവലിയ മതങ്ങളുടെ സ്ഥാപകർക്ക് ഈ ഗ്രന്ഥത്തിൽ സുപ്രധാന സ്ഥാനം നല്കപ്പെട്ടിട്ടുള്ളത്."

അദ്ദേഹം എഴുതുന്നു: "ഒരു കണക്കനുസരിച്ച് ലോകത്ത് ക്രിസ്ത്യാനികളുടെ അംഗസംഖ്യ മുസ്ലീംകളുടേതിനെക്കാൾ ഇരട്ടിയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മുഹമ്മദ്(സ) നെ ഈസാക്കു മുമ്പേ വയ്ക്കുന്നത് നിങ്ങൾക്ക് അത്ഭുതമായി തോന്നാം. പക്ഷേ, എന്റെ ഈ തീരുമാനത്തിനു പിന്നിൽ രണ്ടു വലിയ കാരണങ്ങളുണ്ട്. ഒന്നാമത്തേത് ക്രൈസ്തവമതത്തിന്റെ വളർച്ചയിൽ ഈസാ (അ)ന്റെ പങ്കിനെ അപേക്ഷിച്ച് മുഹമ്മദ്(സ)ന് ഇസ്ലാമിന്റെ വളർച്ചയിൽ സുപ്രധാനമായ ഒരുപാട് പങ്കുണ്ട്. ഈസാ(അ) തന്നെയാണ് ക്രൈസ്തവമതത്തിന്റെ ആത്മീയവും ധാർമികവുമായ ജീവിതചട്ടത്തിന് കാരണമെങ്കിലും ക്രൈസ്തവമതത്തിന്റെ വളർച്ചയ്ക്ക് അടിസ്ഥാനപരമായ പങ്കുവഹിച്ചത് വിശുദ്ധ പൗലോസാണ്. ക്രൈസ്തവമതത്തിന് ഇന്നുള്ള രൂപം നല്കിയതും പുതിയനിയമത്തിന്റെ വലിയൊരു ഭാഗം എഴുതിയതും വിശുദ്ധ പൗലോസ് തന്നെയായിരുന്നു."

വീണ്ടും എഴുതുന്നു: "ഇസ്ലാംമതത്തിന്റേയും അതിലുള്ള ധാർമികവും മതപരവുമായ എല്ലാ തത്ത്വങ്ങളുടേയും ഉത്തരവാദിത്തം മുഹമ്മദ്(സ)നായിരുന്നു. മുഹമ്മദ്(സ) ഈ പുതിയ മതത്തിന് സ്വയം രൂപം നല്കി. ഇസ്ലാമികാധ്യാപനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ അടിസ്ഥാനപരമായ പങ്കുവഹിച്ചു. ഇതിനു പുറമെ മുസ്ലീംകളുടെ വിശുദ്ധ ഏട് അതായത് വിശുദ്ധ ഖുർആൻ മുഹമ്മദ് (സ)ന്റെ ഉൾക്കാഴ്ചകളടങ്ങിയ ഒരു ഗ്രന്ഥമായിരുന്നു. അതിന്റെ രചയിതാവും മുഹമ്മദ് തന്നെയായിരുന്നു."

പറയുന്നു: "ഇതിനെ സംബന്ധിച്ച് 'അത് അല്ലാഹുവിൽ നിന്ന് തനിക്ക് വഹിയായി- വെളിപാടായി ഇറക്കപ്പെട്ടതാണെന്ന് അദ്ദേഹം (അതായത് മുഹമ്മദ്(സ)) പറയുന്നു. വിശുദ്ധ ഖുർആനിന്റെ വലിയൊരു ഭാഗം മുഹമ്മദ്(സ)ന്റെ ജീവിതകാലത്തുതന്നെ പകർത്തിയെടുത്ത് സുരക്ഷിതമാക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മരണത്തിന് അല്പകാലം കഴിഞ്ഞുടനെ അത് മൊത്തമായും സുരക്ഷിതമാക്കപ്പെടുകയും ചെയ്തു. അതുകൊണ്ട് വിശുദ്ധ ഖുർആൻ മുഹമ്മദ്(സ)ന്റെ അധ്യാപനങ്ങളുടേയും ചിന്താധാരകളുടേയും തനിപ്പകർപ്പാണ്. ഒരു വായനക്കാരന്റെ ചിന്തയനുസരിച്ച് അത് അദ്ദേഹത്തിന്റെതന്നെ വാക്കുകളാണ്. എന്നാൽ, ഇപ്രകാരം ഈസാ(അ)യുടെ അധ്യാപനങ്ങളുടെ ഒരു സമാഹാരവുമില്ല. മുസ്ലീംകളുടെ പക്കൽ വിശുദ്ധ ഖുർആനുള്ള പ്രാധാന്യം ക്രിസ്ത്യാനികളുടെ പക്കൽ ബൈബിളിനുള്ളതുപോലെയാണ്. അതുകൊണ്ട് വിശുദ്ധ ഖുർആൻ മുഖേന മുഹമ്മദ്(സ)ജനങ്ങളെ പൂർണമായും സ്വാധീനിച്ചു. മുഹമ്മദ്(സ)ന്റെ സ്വാധീനമാണ് ഇസ്ലാമിനുമേൽ അധികമുണ്ടായിരുന്നതെന്നാണ് പൊതുവേ വിശ്വസിക്കപ്പെടുന്നത്. ഈസാ(അ)യും വിശുദ്ധ പൗലോസും, അവർ രണ്ടുപേരും ചേർന്ന് ക്രൈസ്തവമതത്തിനുമേൽ ചെലുത്തിയ സ്വാധീനത്തെ അപേക്ഷിച്ച്, മതപരമായ വീക്ഷണത്തിൽ മാത്രം നോക്കുകയാണെങ്കിൽ ഈസാ(അ)ചെലുത്തിയ അത്രയും സ്വാധീനം മുഹമ്മദ്(സ)ളും മനുഷ്യചരിത്രത്തിൽ ചെലുത്തിയതായി കാണാം.(പേജ് 8 - 9)

കേരൺ ആംസ്ട്രോങ് (Karen Armstrong) തന്റെ ഗ്രന്ഥമായ മുഹമ്മദ് -ഏ ബയോഗ്രഫി ഓഫ് ദ പ്രോഫറ്റ് (Muhammad -A Biography of the Prophet) എന്ന് ഗ്രന്ഥത്തിലെഴുതുന്നു: "മുഹമ്മദ്(സ)ന് ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായ ആത്മീയതയുടെ സംസ്ഥാപനത്തിനായി പൂജ്യത്തിൽനിന്ന് പ്രവർത്തനം നടത്തേണ്ടി വന്നു. അദ്ദേഹം തന്റെ മിഷൻ (മതപ്രചാരക സംഘം) തുടങ്ങിയപ്പോൾ ആരെങ്കിലും അദ്ദേഹത്തിന്റെ മിഷനുവേണ്ടി പ്രവർത്തിക്കാൻ തയ്യാറാകുമെ

ശേഷം പേജ് 7ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin